# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-എ.എൽ.പി-പി.3/1024/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-എ.എൽ.പി-പി.3/1024/21 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-11-2021 | 18-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-11-2021 | 18-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ്.വി.കെ .അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്മിണി.ബി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ.എസ്. വിനോദ്കുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ടി.ഉല്ലാസ് കുമാർ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി.സിന്ധു ബാലകൃഷ്ണൻ | സെക്രട്ടറി | 09-06-2020 | 04-10-2020 |
| | | 17-10-2020 | 27-12-2020 |
| | | 18-01-2021 | 31-03-2021 |
| ശ്രീ. മണിക്കുട്ടൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2020 | 16-10-2020 |
| ശ്രീ. മണിക്കുട്ടൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 17-01-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മീര | കൃഷി ഓഫീസർ | 01-04-2020 | 09-09-2020 |
| ശ്രീമതി.അഞ്ജന.എസ് | കൃഷി ഓഫീസർ | 10-09-2020 | 08-10-2020 |
| ശ്രീമതി. ദേവിക.എസ് | കൃഷി ഓഫീസർ | 09-10-2020 | 31-03-2021 |
| ശ്രീമതി. അർച്ചന എസ്. നായർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ. രാജൻ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ.ബേബി. ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2020 | 28-06-2020 |
| ശ്രീമതി.ജയശ്രീ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 29-06-2020 | 31-03-2021 |
| ശ്രീ. മണിക്കുട്ടൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീ. എൻ. നസീർ | അസിസ്റ്റന്റ് സെക്രട്ടറി | 03-03-2021 | 31-03-2021 |
| ശ്രീ.വിനോദ്കുമാർ.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പല്ലന | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺകുമാർ.ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തൃക്കുന്നപ്പുഴ | 01-04-2020 | 31-03-2021 |
| ഡോ.ശരത് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ഫിഷറീസ്) | 01-04-2020 | 31-03-2021 |
| ഡോ.അനിത വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീ. ഹറീദ് ജെറാൾഡ് | മെഡിക്കൽ ഓഫീസർ, | 01-04-2020 | 24-01-2021 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ശ്രീമതി. രശ്മി രാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-01-2021 | 31-03-2021 |
| ശ്രീമതി.ശ്രീദേവി.എം.എം | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. നാജില നബീസത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലൂസി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 17-08-2020 |
| ശ്രീമതി.അഞ്ജലി ദേവി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 18-08-2020 | 15-11-2020 |
| ശ്രീമതി. റസീനബീവി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 16-11-2020 | 20-03-2021 |
| ശ്രീ. അരുൺ. ആർ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 21-03-2021 | 31-03-2021 |

1.12.2020 മുതൽ 29.12.2020വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-1 |
| 2 | ബജറ്റിന്റെ അവലോകനം നടത്തുന്നില്ല<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക-ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-2-1 |
| 5 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 11-11-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 11-11-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-6 |
| 9 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: C.C Jyothimon (Audit Officer, On 11-11-2021) | 1-7 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Lekha (Auditor, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-8 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-9 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-10 |
| 13 | രസീത് പരിശോധന-അപാകതകൾ<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-11 |
| 14 | അധിക തുക തിരികെ ഈടാക്കി- ഓഡിറ്റ് ഇംപാക്ട്<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-12 |
| 15 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-13 |
| 16 | അനധികൃതമായി മൊബൈൽടവറുകൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-14 |
| 17 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-15 |

| | | |
|---|---|---|
| 18 | നിയമാനുസൃതമല്ലാതെ കെട്ടിടങ്ങൾ നിർമ്മിക്കുന്നു<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-16 |
| 19 | വാർഡ് 3-ൽ കൊച്ച് തെക്കേപാലം നിർമ്മാണം- കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-17 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-18 |
| 21 | തൃക്കുന്നപ്പുഴ ഗവ. ജി.എൽ.പി.എസ്സിൽ ഇന്റർലോക്ക് ടൈൽ പാകൽ- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-19 |
| 22 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-20 |
| 23 | പത്ര പരസ്യം- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-21 |
| 24 | ലൈഫ് മിഷൻ പദ്ധതി-ഭവനനിർമ്മാണം - 2018-19 ൽ അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പ്രവത്തി ആരംഭിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-22 |
| 25 | കംപ്ലീഷൻ സർട്ടിഫിക്കറ്റ് /യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-23 |
| 26 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമല്ല<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-24 |
| 27 | ഫണ്ടുകൾ ചെലവഴിക്കാതവശേഷിക്കുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-25 |
| 28 | അർഹതയുള്ള ഗുണഭോക്താക്കളുടെ അഭാവം മൂലം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-26 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-27 |
| 30 | അഗതി-ആശ്രയ പദ്ധതി - വീട് നിർമ്മാണത്തിന് നൽകിയ തുക ചെലവഴിച്ചില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-28 |
| 31 | വികസന ഫണ്ട് മുൻവർഷ തുകകൾ ബാധ്യതയായി അവശേഷിക്കുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-29 |
| 32 | ലൈഫ് മിഷൻ പദ്ധതി-ഭവനനിർമ്മാണം - തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021) | 1-30 |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 17-01-2022) | |
| 33 | ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-31 |
| 34 | ഒരേ ഇനം മരുന്നിന് വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-32 |
| 35 | ഇടവിളക്കിറ്റ് വിതരണം - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-33 |
| 36 | മരുന്നുകളും മരുന്നുപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 17-01-2022) | 1-34 |
| 37 | ബയോബിൻ നൽകൽ - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 1-35 |
| 38 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 1-36 |
| 39 | മെറ്റീരിയൽ സപ്ലൈ ജി.എസ്.ടി ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 1-37 |
| 40 | പദ്ധതി നിർവഹണം കാര്യക്ഷമമല്ല- ഫണ്ടുകൾ ലാപ്സാവുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 1-38 |
| 41 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല.<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 3-1 |
| 2 | തൃക്കുന്നപ്പുഴ ഗവ. ജിഎൽ.പിഎസ്സിൽ ഇന്റർലോക്ക് ടൈൽ പാകൽ- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 3-2 |
| 3 | പത്രപരസ്യം- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-11-2021) | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 18-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 26.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് റിവൈസ്ഡ് ബജറ്റ് 15.2.2021 ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 619797709 | 602814244 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 172659486 | 170416405 |

## 1-1-1 ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 24, തീയതി 16.11.2021) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 11.05.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രിക-ന്യൂനതകൾ

1.തൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Electricity Deposits എന്നയിനത്തിൽ 650397/-രൂപ കാണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ തുക Electricity Deposits അല്ല മറിച്ച് Advance To Implimenting Agencies -Deposits With Kerala Electricity Board എന്ന ഇനത്തിൽ ഉൾപ്പെട്ട തുകയാണ്.

2.വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

3.കെട്ടിട നിർമാണ പെർമിറ്റിന്റെ രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനങ്ങളിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4.ആസ്തി രജിസ്റ്ററിൽ പുതുതായി ആർജിച്ച ആസ്തികളുടെ വിവരം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

5.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Development Fund- General ഇനത്തിൽ 807992/-രൂപയും, Development Fund- Central Finance Commission Grant ഇനത്തിൽ 626887/-രൂപയും ബാധ്യതയായി അവശേഷിക്കുന്നു. Development Fund -General ഇനത്തിലുള്ള തുക 31.03.2016-ലെ ബാലൻസ് ഷീറ്റ് മുതലും, Development Fund- Central

Finance Commission Grant ഇനത്തിലുള്ള തുക 31.03.2018-ലെ ബാലൻസ് ഷീറ്റ് മുതലും, ഇതേ തുക തന്നെ ബാലൻസായി അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു.

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Contribution For Other Specific Purposes (For Capital Expenditure)- From District Panchayats എന്ന ഹെഡിനു കീഴെ 995433/-രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. ഈ തുക യഥാർത്ഥത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതല്ല മറിച്ച് പട്ടികജാതിക്കാരുടെ അധീനതയിലുള്ള ക്ഷേത്രം, കാവ് പുനരുദ്ധാരണ പ്രവർത്തികൾക്കായി എസ്.സി ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമായ തുകയാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19464750 | 19464750 | 6611882 | 11850530 | 1002338 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2854000 | 2854000 | 102471 | 1489588 | 1261941 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 4933000 | 4933000 | 00 | 1699731 | 3233269 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 5443381 | 5443381 | 00 | 5200405 | 242976 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 22015828 | 22015828 | 00 | 13687579 | 8328249 (ലാപ്സ്ഡ്) |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (6611882/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 12852868 | 12852868 | 18462412 | (-)5609544 |
| യഥാർത്ഥ തുക | 0 | 19464750 | 19464750 | 18462412 | 1002338 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (102471/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 2751529 | 2751529 | 1592059 | 1159470 |
| യഥാർത്ഥ തുക | 0 | 2854000 | 2854000 | 1592059 | 1261941 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 140 | 420836409 | 103 | 72759326 | 10 | 27 | 73.57 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37660841 |
| വരവ് | 85701704 |
| ആകെ | 123362545 |
| ചെലവ് | 98898009 |
| നീക്കിയിരിപ്പ് | 24464536 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24493/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7743343/- |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 299280 | 2346227 | 2645507 | 2533167 | 112340 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 78014960 | 78014960 | 78014960 | 00 |
| ആകെ | 299280 | 80361187 | 80660467 | 80548127 | 112340 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 304560 | 423 |
| കർഷകതൊഴിലാളി പെൻഷൻ | 1451500 | 104 |
| വിധവാപെൻ ഷൻ | 11986000 | 840 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 23952400 | 2157 |
| വികലാംഗ പെൻഷൻ | 6127200 | 411 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 635700 | 47 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3002/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

## 1-11 രസീത് പരിശോധന-അപാകതകൾ

പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി എന്നിവ ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ബാങ്ക് തൃക്കുന്നപ്പുഴ ബ്രാഞ്ചിലെ തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് നൽകുന്നത്. ബാങ്ക് പാസ്ബുക്കിൽ ഈ ചെക്കുകളിലെ തുക ചെക്ക് നമ്പർ രേഖപ്പെടുത്താതെയാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇതുമൂലം തുകകൾ ക്രെഡിറ്റ് ചെയ്യുന്നത് നിരീക്ഷിക്കുന്നത് പ്രയാസകരമാണ്. കൂടാതെ പഞ്ചായത്ത് നല്കുന്ന ചെക്കുകളിൽ നിന്ന് കളക്ഷൻ ചാർജ് കുറവ് ചെയ്തുകൊണ്ടുള്ള തുകകളാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി/ തുക | ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|
| 1 | 6801995/20.8.2020-3500/- | 3491 |
| 2 | 0913434/25.9.2020-13250/- | 13186 |

| | | |
|---|---|---|
| 3 | 6801994/18.5.2020-37500/- | 37407 |
| 4 | 0913432/18.5.2020-13750/ | 13686 |
| 5 | 8966758/26.8.20-15750/- | 15683 |

ചെക്ക് ക്രെഡിറ്റ് ചെയ്യുമ്പോൾ ചെക്ക് നമ്പർ രേഖപ്പെടുത്തിക്കുന്നതിനും പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ നിർവഹണഉദ്യോഗസ്ഥർ ഗുണഭോക്തൃവിഹിതം പിരിച്ച് അടയ്ക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

1)കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളോടൊപ്പം ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിൽ രസീത് എഴുതി നൽകുന്ന ക്രമത്തിൽ ഗുണഭോക്താവിന്റെ പേര്, തുക എന്നിവ രേഖപ്പെടുത്തുന്നില്ല. ഇതിനു പകരമായി വിവിധ പ്രോജക്റ്റുകൾ പ്രകാരം ഈടാക്കുന്ന തുകയുടെ രസീത് നമ്പരുകളുടെ എണ്ണം മാത്രം എഴുതി തുക പഞ്ചായത്തിൽ അടയ്ക്കുന്ന രീതിയാണ് അനുവർത്തിക്കുന്നത്. ഇത് ക്രമ വിരുദ്ധമാണ്.

2)വി.ഇ.ഒ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളോടൊപ്പം ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിൽ രസീത് ബുക്ക് നമ്പർ, രസീത് നമ്പർ ഗുണഭോക്താവിന്റെ പേര്, തുക എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. രസീതുകളുടെ ക്രമ പ്രകാരം തന്നെ കളക്ഷൻ രജിസ്റ്ററിലേക്ക് എഴുതുകയും അതത് ദിവസത്തെ കളക്ഷനുകൾ തൊട്ടടുത്ത ദിവസം തന്നെ ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-12 അധിക തുക തിരികെ ഈടാക്കി- ഓഡിറ്റ് ഇംപാക്ട്

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ കാണപ്പെട്ട അധിക ചെലവുകൾ ഓഡിറ്റ് എൻക്വയറിയിലൂടെ അതത് ഇംപ്ലിമെന്റിംഗ് ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് തിരികെ ഒടുക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിയും സ്ഥാപിക്കലും

പ്രോജക്ട് നം. : 16/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 498000/-

ചെലവ് : 497680/- (1.ട്രഷറി ബിൽ നം.32 തീയതി 19.03.2021- 47323/-

2.ട്രഷറി ബിൽ നം.33 തീയതി 19.03.2021 - 49016/-

3.ട്രഷറി ബിൽ നം.34 തീയതി 19.03.2021 - 49016/-

4.ട്രഷറി ബിൽ നം.35 തീയതി 19.03.2021 - 46293/-

5.ട്രഷറി ബിൽ നം.36 തീയതി 19.03.2021 - 49016/-

6.ട്രഷറി ബിൽ നം.37 തീയതി 19.03.2021 - 49016/-

7.ട്രഷറി ബിൽ നം.38 തീയതി 19.03.2021 - 89093/-

8.ട്രഷറി ബിൽ നം.40 തീയതി 19.03.2021 - 118907/-)

നിർവഹണം: സെക്രട്ടറി

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ പുതുതായി എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുമായാണ് ഈ പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിക്കായി 3 വ്യക്തികൾ/സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതായി കാണുന്നു. ഇതിൽ അംഗീകരിക്കപ്പെട്ട ടെണ്ടർ സമർപ്പിച്ച കറന്റ് ഇലക്ട്രിക്കൽസ്, തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഡോക്യുമെന്റിനൊപ്പം ടി സ്ഥാപനത്തിന്റെ ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസ് സമർപ്പിച്ചതായി കാണുന്നില്ല. 2020-21 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച നല്കിയ കറന്റ് ഇലക്ട്രിക്കൽസ് തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന് 497680/-രൂപ നല്കിയിട്ടുണ്ട്. ടി സ്ഥാപനം ലഭ്യമാക്കിയ ബിൽ പരിശോധിച്ചതിൽ സാധനങ്ങൾക്കെല്ലാം ടെണ്ടറിൽ വാഗ്ദാനം ചെയ്ത തുകയിന്മേൽ നികുതി കൂടി ഉൾപ്പെടുത്തിയാണ് തുക ക്ലെയിം

ചെയ്തതെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത ബില്ലുകൾ പ്രകാരമുള്ള തുകകൾ മാറി നല്കിയതായും കണ്ടു. അധികമായി നല്കിയ 18591/-രൂപ തിരികെ ഈടാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23 തീയതി17.11.2021) നല്കിയതിനെ തുടർന്ന് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ കറന്റ് ഇലക്ട്രിക്കൽസിൽ നിന്നും 23/20260 നമ്പർ രസീത് പ്രകാരം 18.11.2021-ൽ ഈടാക്കി മറുപടി ലഭ്യമാക്കി (പ്രോജക്ട് നം.9/21).

2. പ്രോജക്ട് നം. : 9/2021

പ്രോജക്ടിന്റെ പേര്: അനുപൂരക പോഷകാഹാര പദ്ധതി

അടങ്കൽ -വികസന ഫണ്ട് :2000000/-രൂപ

കേന്ദ്രാവിഷ്കൃത പരിപാടി- 2300000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം- 100000/-രൂപ

ആകെ- 4400000/-രൂപ

ചെലവ്:- 4399692/-രൂപ (ട്രഷറി ബിൽ നം.9 തീ.13.03.2020)

നിർവഹണം:- ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പദ്ധതി പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിക്ക് ഭക്ഷ്യ വസ്തുവിന്റെ ഇറക്ക കൂലി ഇനത്തിൽ 770/-രൂപ അധികം അനുവദിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.2 തീയതി 02.11.2021) നല്കി. തുടർന്ന് തുക 06.11.2021 -ലെ 121040101274 നമ്പർ റസീപ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ചു.

## 1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1)ഗ്രാമ പഞ്ചായത്തിലെ 2020-21 ലെ തൊഴിൽ നികുതി സംബന്ധിച്ച റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിരിക്കുന്ന 6 കയർ സഹകരണ സംഘങ്ങളെയും, 2 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തി ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 3/361,363 | കയർ സഹകരണ സംഘം നം-461 | 1 & 2 |
| 2 | 4/2 | കയർ സഹകരണ സംഘം നം-650A | „ |
| 3 | 6/31,32 | കയർ സഹകരണ സംഘം നം-486 | „ |
| 4 | 6/450 | കയർ സഹകരണ സംഘം നം-722 | „ |
| 5 | 15/75 | കയർ സഹകരണ സംഘം നം-687 | „ |

| | | | |
|---|---|---|---|
| 6 | 13/267 | സി.വി.എസ്.ലിമിറ്റഡ്, പാനൂർ | ,, |
| 7 | | കുമരകോടി ക്ഷീരസഹകരണ സംഘം 279D | ,, |
| 8 | | പതിയാങ്കര ക്ഷീരസഹകരണ സംഘം 160D | ,, |
| 9 | | മരുതാ മൗണ്ടൻ ഇംഗ്ളീഷ് മീഡിയം സ്കൂൾ,പല്ലന | ,, |
| 10 | | എസ്.സി.ബി-1689 | ,, |
| 11 | | കെ.എസ്.ബി.സി | 2-ാം അർദ്ധവർഷം |

2)കെ.എസ്.ബി.സി 2020-21 ൽ 1-ാം അർദ്ധവർഷത്തെ സ്ഥാപന നികുതി അടച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (13/12.11.21) നൽകിയതിന്റെ മറുപടിയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനെ സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തീടാക്കേണ്ടതാണ്.

## 1-14 അനധികൃതമായി മൊബൈൽടവറുകൾ പ്രവർത്തിക്കുന്ന

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മൊബൈൽ ടവറുകൾക്ക് ച.മീറ്ററിന് 500/- രൂപ പ്രകാരം വസ്തുനികുതി ഈടാക്കേണ്ടതാണ്.പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 4/216 ATC TIPLഎന്ന മൊബൈൽ ടവറിന്റെ വിവരങ്ങൾ മാത്രമാണുള്ളത്, ഈ ടവറിന് 2019-20,2020-21 വർഷങ്ങളിൽ നികുതി അടച്ചതിന്റെയും,വസ്തുനികുതി അടച്ചിട്ടുള്ള മറ്റ് മൊബൈൽ ടവറുകളുടെ വിശദവിവരം എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(5/6.11.2021) മറുപടി പ്രകാരം പഞ്ചായത്തിൽ 7 ടവറുകൾ സ്ഥിതി ചെയ്യുന്നതിൽ 4/216 ATC TIPL എന്ന മൊബൈൽ ടവറിനൊഴികെ മറ്റ് 6 ടവറുകൾക്കും KCZMA യുടെ അനുമതി ഇല്ലാത്തതിനാൽ നമ്പറിട്ടുനല്കിയിട്ടില്ല എന്നാണറിയിച്ചിട്ടുള്ളത്. ഒരു ചതുരശ്രമീറ്ററിന് 500/- രൂപ പ്രകാരം 6 ടവറുകളിൽ നിന്നായി വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട വലിയ രീതിയിലുള്ള വരുമാനമാണ് ഇവയുടെ അനധികൃതനിർമ്മാണത്തിലൂടെ വർഷങ്ങളായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറ്റിയുടെ അംഗീകാരം ലഭ്യമാകാത്ത വ്യാവസായികാ വശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവയെ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് കേരളാ പഞ്ചായത്ത് രാജ് 235 എഎ വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ യാതൊരു സ്ഥലവും ഉപയോഗപ്പെടുത്താൻ പാടില്ല. ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിരിക്കുന്ന 6 കയർ സഹകരണ സംഘങ്ങളും 2 ക്ഷീരോൽപ്പാദക

സഹകരണ സംഘങ്ങളും ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 3/361, 363 | കയർ സഹകരണ സംഘം നം-461 |
| 2 | 4/2 | കയർ സഹകരണ സംഘം നം-650A |
| 3 | 6/31, 32 | കയർ സഹകരണ സംഘം നം-486 |
| 4 | 6/450 | കയർ സഹകരണ സംഘം നം-722 |
| 5 | 15/75 | കയർ സഹകരണ സംഘം നം-687 |
| 6 | 13/267 | സി.വി.എസ്.ലിമിറ്റഡ്, പാനൂർ |
| 7 | | കുമരകോടി ക്ഷീരസഹകരണ സംഘം 279D |
| 8 | | പതിയാങ്കര ക്ഷീരസഹകരണസംഘം 160D |
| 9 | | സപ്ലൈകോ, മാവേലി സ്റ്റോർ |

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/12.11.2021) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-16 നിയമാനുസൃതമല്ലാതെ കെട്ടിടങ്ങൾ നിർമ്മിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റില്ലാതെ ശ്രീ.സുധീർ, ചെങ്കിളി പറമ്പിൽ എന്ന വ്യക്തി 11-ാം വാർഡിൽ കടൽ തീരത്തുനിന്നും 277 മീറ്റർ ദൂരപരിധിക്കുള്ളിൽ 365.28 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വാണിജ്യാവശ്യത്തിനായി ബഹുനില കെട്ടിട നിർമ്മിക്കുന്നതായി പഞ്ചായത്തിന് ബോധ്യപ്പെട്ടതിനെ തുടർന്ന് നിർമ്മാണം നിർത്തി വയ്ക്കാൻ 6.6.2019 ൽ നോട്ടീസ് നൽകിയിട്ടുണ്ട്. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 17.7.2021 ലെ 2169/A1/ 2019/KCZMA-ാം നമ്പർ തീരുമാനപ്രകാരം ടി കെട്ടിട നിർമ്മാണത്തിന് അനുമതി നിഷേധിച്ചിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/16.11.2021) നൽകിയതിന് ടി കെട്ടിടത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായിട്ടുണ്ടെന്നും നിർമ്മാണം നിർത്തിവയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരം ലഭ്യമാകാത്ത വ്യാവസായികാവശ്യത്തിനുള്ള

കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവയെ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് കേരളാ പഞ്ചായത്ത് രാജ് 235 എഎ വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വാർഡ് 3-ൽ കൊച്ച് തെക്കേപാലം നിർമ്മാണം- കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല

പ്രോജക്ട് 128/21

കരാറുകാരൻ - മനോഹരൻ താഴയിൽ

അടങ്കൽ 500000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പി.എ.സി- 445359, ആകെ മൂല്യം -443796. ബിൽ നമ്പർ 10/19.3.21 497052

ഈ പ്രവ്യത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 14.8.2019 ൽ 13/AE/LSGD നമ്പറായി വെച്ചിട്ടുള്ള എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ് 3 മാസമാണ്. അതായത് 13.11.2019 ൽ പൂർത്തീകരിക്കേണ്ട പദ്ധതിയാണ്. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പാലത്തിന്റെ നീളവും വീതിയും ഉയരവും വർദ്ധിപ്പിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കു എന്നും അതിനാൽ കാലാവധി ഒരു മാസം ദീർഘിപ്പിച്ചു നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട നിയമാനുസൃത കാലാവധിയും കഴിഞ്ഞാണ് (16.12.2019) കരാറുകാരൻ ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളത്. തുടർന്ന് തീയതി രേഖപ്പെടുത്താത്ത കത്തിൽ (13/AE /LSGD/TKPZ218) നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തിയിരിക്കുന്ന എന്നും ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തേണ്ടതിനാൽ അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തി പൂർണ്ണമായും പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്നും കോവിഡും എസ്റ്റിമേറ്റ് റിവിഷനും അനിവാര്യമായ സാഹചര്യത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 22.1.2021 വരെ ദീർഘിപ്പിച്ചു നൽകാൻ കരാറുകാരൻ അപേക്ഷിച്ചിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ ഇത്തരമൊരു അപേക്ഷ ഫയലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 1% പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കമ്മറ്റി തീരുമാനം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. ആയതിൻപ്രകാരം 22.2.21ലെ1(20) തീരുമാനപ്രകാരം 1% പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. അതായത് കരാറുകാരൻ 1 മാസം ആവശ്യപ്പെട്ടപ്പോൾ ഒരു വർഷം അനുവദിച്ചിരിക്കുന്നു.

മറ്റ് അപാകതകൾ

ഈ പ്രവൃത്തിയുടെ 3-ാം ഇനമായി കൾവർട്ട്, വിംഗ് വാൾ എന്നിവയ്ക്കായി

1x4x3x1.05 =12.60$m^3$

4x1x0.45x1.05 = 1.89$m^3$ ആകെ14.49$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

അതുപോലെ അപ്പന്റിക്സ് B 1-ാം ഇനമായി ഫൗണ്ടേഷൻ സൈഡ് പ്രൊട്ടക്ഷൻ എന്നിവയ്ക്കായി 4.64$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ 50% റിട്ടെയ്നിംഗ് വാൾ ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ട്. അപ്പന്റിക്സ് B -4ാം ഇനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ, ബാക്ക് ഫില്ലിംഗ് എന്നിവ 28.891 $M^3$ ചെയ്തിട്ടുണ്ട്.

എന്നാൽ കൾവർട്ട് നിർമ്മാണത്തിനായി 3-ാം ഇനമായി കുഴിച്ചെടുത്ത 14.49$m^3$ മണ്ണിന്റെ 50% കറവ് ചെയ്താണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും പ്രസ്തുത മണ്ണിന്റെ 50% കറവ് ചെയ്യാതെയാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. കൂടാതെ ഫൈൻ ഇനത്തിൽ 4438/-രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലയളവ് പരമാവധി ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല എന്നിരിക്കെ അധികസമയം അനുവദിച്ചതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. എന്നാൽ 3-ാം ഇനമായി കുഴിച്ചെടുത്ത 14.49$m^3$ മണ്ണിന്റെ 50% കറവ് ചെയ്യാതിരുന്നത് ലഭ്യമായ മണ്ണ് ക്ലേയി സോയിൽ ആയിരുന്നെന്നും പ്രസ്തുത വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താൻ മറന്ന് പോയതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 3-ാം ഇനമായി കുഴിച്ചെടുത്ത 14.49$m^3$ മണ്ണിന്റെ 50% 7.245$m^3$ന് 1022.81/$m^3$ നിരക്കിൽ നൽകിയ 7410/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പ്രോജക്ട് 49/20-21

അടങ്കൽ 400000/- മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്

ആരോഗ്യ കേരളം, ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം ഓഫീസറുടെ 26.2.2020 ലെ കത്ത് പ്രകാരം പല്ലന ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 18 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും 14 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷൻ അനുവദിച്ചിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്ത് അനുവദിച്ചിട്ടുള്ള 4 ലക്ഷം രൂപ അനുവദിക്കണമെന്നുമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ 21.4.2020 ലെ ബിൽ നമ്പർ 1/20-21 പ്രകാരം എൻ.എച്ച്.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് 4 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 4 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 തൃക്കുന്നപ്പുഴ ഗവ. ജി.എൽ.പി.എസ്സിൽ ഇന്റർലോക്ക് ടൈൽ പാകൽ-അപാകതകൾ

പ്രോജക്ട് 83/20-21

അടങ്കൽ 520000/- സംരക്ഷണ ഗ്രാന്റ് റോഡിതരം

കരാറുകാരൻ- ഗോപാലകൃഷ്ണപിള്ള, ബിൽ നമ്പർ 6/20-21/ 26.6.2020

അളവ് പുസ്തകം -21/19-20

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 2-ാം ഇനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് ഇൻ പൊസിഷൻ സിമന്റ് കോൺക്രീറ്റ് 1:2:4 എന്ന പ്രവൃത്തി പേവർ ബ്ലോക്കിന്റെ എഡ്ജ് ലോക്ക് ചെയ്യുന്നതിന് 0.05 മീറ്റർ കനത്തിൽ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളിൽ പേവർ ബ്ലോക്കിന്റെ എഡ്ജ് ലോക്ക് ചെയ്യുന്നതിന് 0.05 മീറ്റർ കനമാണ് സാധാരണ എല്ലായിടത്തും ഉപയോഗിക്കുന്നത്. എന്നാൽ അളവ് പുസ്തകം പുറം 6 പ്രകാരം ഈയിനം താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

200.40x0.20x0.10 =4.014$m^3$ കൂടാതെ 30x1.2x0.10 = 3.6$m^3$ ഉൾപ്പെടെ ആകെ 7.614$m^3$ ചെയ്തത് 7.179$m^3$ ൽ പരിമിതപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം 0.10 മീറ്റർ കനത്തിൽ പേവർ ബ്ലോക്ക് സൈഡ് ലോക്ക് ചെയ്തത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കോൺക്രീറ്റിന്റെ കനം (15+0.05/2) എന്നതിന് പകരം 0.05 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നതെന്നും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയപ്പോൾ ശരാശരി കനം 0.10m എന്നെഴുതിയതാണെന്നും അറിയിച്ചിരിക്കുന്നു. മറുപടിയിലും തെറ്റായാണ് പറഞ്ഞിരിക്കുന്നത് (15+0.05/2) ന്റെ ശരാശരി 7.525m ആണെന്നിരിക്കെ മറുപടി അംഗീകരിക്കാവുന്നതല്ല. എഡ്ജ് ലോക്കിംഗിന് 0.05m കനത്തിന് പകരം (200.40x0.20x0.05 =2.04$m^3$), 0.10m കനമുപയോഗിച്ചതുമൂലം 1.974$m^3$ സിമന്റ് കോൺക്രീറ്റിംഗിന് 7620/$m^3$ നിരക്കിൽ അധികം നൽകിയ 15042/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-20 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട് നം.80

പ്രോജക്ടിന്റെ പേര്: കന്നുകുട്ടി പരിപാലനം

അടങ്കൽ -വികസന ഫണ്ട് : 350000/-രൂപ

ചെലവ്:- 312500/-രൂപ (1.ട്രഷറി ബിൽ നം.3 തീ.30.10.2020)

നിർവഹണം:- വെറ്ററിനറി സർജൻ

തൻവർഷം കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി പദ്ധതി പ്രകാരം 312500/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീയതി 06.11.2021) പ്രോജക്ട് നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ലായെന്ന് മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (312500/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പത്ര പരസ്യം- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗിന് ആവശ്യമായ ചിലവുകൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.15/2021) ചന്ദ്രിക ദിനപത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (15%) | ചെക്ക് നം./ തീയതി/തുക |
|---|---|---|---|
| 582-DL/KCH20/ 29.10.2020 | 2520 | 378 | 40000/20.03.2021 |
| 594-DL/KCH20/ 01.11.2020 | 1512 | 227 | |
| 473-DL/KCH20/ 07.10.2020 | 2016 | 302 | |
| 277-DL/KCH20/ 23.08.2020 | 2520 | 378 | |
| 1049-DL/KCH20/ 17.02.2021 | 2520 | 378 | |
| 908-DL/KCH20/ 15.01.2021 | 2520 | 378 | |
| ആകെ | | 2041/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 2041/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി 17.11.2021) ലഭ്യമാക്കിയ മറുപടിയിൽ ചന്ദ്രിക ദിനപത്രം ഏറ്റവും കുറഞ്ഞ നിരക്കിലാണ് പരസ്യ ചാർജ് ഈടാക്കിയിട്ടുള്ളതെന്നും ഈ തുക ഡിസ്കൌണ്ട് കഴിച്ചതിനു ശേഷമുള്ള തുകയാണെന്നും അവകാശപ്പെട്ടു. എന്നാൽ ചന്ദ്രിക ദിനപത്രം ലഭ്യമാക്കിയിട്ടുള്ള പരസ്യ ചാർജിന്റെ ബില്ലിൽ ഡിസ്കൌണ്ട് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ലാത്ത സാഹചര്യത്തിൽ ഈ മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ പഞ്ചായത്തിന് അർഹമായ ഡിസ്കൌണ്ട് പത്രസ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അവരിൽ നിന്നും നഷ്ടം ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് മിഷൻ പദ്ധതി-ഭവനനിർമ്മാണം - 2018-19 ൽ അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പ്രവത്തി ആരംഭിച്ചില്ല

2020-21 സാമ്പത്തികവർഷം വി.ഇ.ഒ. തൃക്കുന്നപ്പുഴ നിർവ്വഹണം ചെയ്ത സ്പിൽ ഓവർ പ്രോജക്ടാണ് ലൈഫ് മിഷൻ പദ്ധതി- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം പൂർത്തീകരണം (പ്രോജക്ട് നം -S0124/20 ).

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 724800/-

സംസ്ഥാനാവിഷ്കൃത ഫണ്ട് -24400000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5540200/-

ജില്ലാ പഞ്ചായത്ത് വിഹിതം - 6000000/-

മറ്റുള്ളവ - 230680000/-

ആകെ അടങ്കൽ - 267345000/-

ചെലവ്

വികസനഫണ്ട് (പൊതുവിഭാഗം) - 720000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -13900000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 860000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 2580000/-

മറ്റുള്ളവ - 5500000/-

ആകെ ചെലവ് - 23560000/-

പ്രോജക്ട് ആരംഭിക്കുന്ന സാമ്പത്തിക വർഷം കരാർ വെയ്ക്കുന്ന ഗുണഭോക്താക്കളിൽ വ്യക്തമായ കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കാത്തവർക്ക് മാത്രമായാണ് സ്പിൽ ഓവർ പ്രോജക്ടിൽ തുക വകയിരുത്തുന്നത്. എന്നാൽ പ്രോജക്ട് സ്പിൽ ഓവറാകുമ്പോഴും പുതിയ ഗുണഭോക്താക്കളെക്കൊണ്ട് കരാർ വെപ്പിച്ച് ആനുകൂല്യം നൽകുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. 2018-19 ൽ ആരംഭിച്ച് 2019-20 ലും, 2020-21 ലും സ്പിൽ ഓവറായ പ്രോജക്ടിൽ കരാർ വെച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

2018-19 ൽ കരാർ വെച്ചവർ – 128

2019-20 ൽ കരാർ വെച്ചവർ – 186

2020-21 ൽ കരാർ വെച്ചവർ – 36

ആകെ കരാർ വെച്ചവർ - 350

350 ഗുണഭോക്താക്കളിൽ 331 പേർ പ്രവൃത്തി പൂർത്തിയാക്കി. 10 പേർ മേൽക്കൂര നിർമ്മാണം വരെയായി. 2 പേർ ലിന്റൽ നിർമ്മാണം വരെയായി. 12 ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആദ്യ ഗഡു 40000/-രൂപ കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത 7 പേരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം.,ചെക്ക് നം./തീയതി | തുക കൈപ്പറ്റിയ വർഷം |
|---|---|---|---|---|
| 1 | സദാനന്ദൻ<br>സന്ധ്യാഭവനം | 40000 | 18070652015400398434/20.8.18 | 2018-19 |
| 2 | വാസന്തി<br>വടക്കേക്കാട്ടിൽ | 40000 | 18070652015400398434/20.8.18 | 2018-19 |
| 3 | ഗോമതി<br>പുത്തേൻതോപ്പ് | 40000 | 2313717/19.12.18 | 2018-19 |
| 4 | ലില്ലി<br>ലില്ലിഭവനം | 40000 | 18070652015400347765/20.7.18 | 2018-19 |
| 5 | വിമല<br>മാമൂട്ടിൽ | 40000 | 18070682008201052325/14.1.19 | 2018-19 |
| 6 | മണി<br>ഇലഞ്ഞിപ്പറമ്പിൽ | 40000 | 20070652008201362505/25.3.21 | 2020-21 |
| 7 | കുമാരി ബേബി<br>അഞ്ജുഭവനം | 40000 | 22001002/12.3.21 | 2020-21 |

2018-19 ൽ ആനുകൂല്യം കൈപ്പറ്റിയ 5 ഗുണഭോക്താക്കളും 2020-21 ൽ ആനുകൂല്യം കൈപ്പറ്റിയ 2 ഗുണഭോക്താക്കളും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 11 തീയതി. 12.11.21) മറുപടി ലഭ്യമാക്കി. പ്രവൃത്തി ആരംഭിക്കാത്തപക്ഷം തുക ഗുണഭോക്താക്കളിൽ നിന്നും പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-23 കംപ്ലീഷൻ സർട്ടിഫിക്കറ്റ് /യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തത് സംബന്ധിച്ച്

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് കംപ്ലീഷൻ/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

1.പ്രോജക്ടിന്റെ പേര് : വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നം. : 19/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 720000/-

ജില്ലാ പഞ്ചായത്ത് വിഹിതം- 720000/-

ആകെ - 1440000/-രൂപ

ചെലവ് : 1440000/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 720000/-

(1.ട്രഷറി ബിൽ നം .23 തീയതി 11.02.2021 - 296392/-

2.ട്രഷറി ബിൽ നം .30 തീയതി 19.03.2021- 171844/-

3.ട്രഷറി ബിൽ നം .39 തീയതി 19.03.2021- 251764/-)

ജില്ലാ പഞ്ചായത്ത് വിഹിതം- 72 0000/-

(1.ട്രഷറി ബിൽ നം .41 തീ.19.03.2021 - 720000/- )

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതി പ്രകാരം തൻവർഷം ആകെ 1440000/-രൂപ മേൽ ട്രഷറി ബില്ലുകൾ പ്രകാരം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കരുവാറ്റ ഇലക്ട്രിക്കൽ സെക്ഷന്റെയും (1288275/-രൂപ), കാർത്തികപ്പള്ളി ഇലക്ട്രിക്കൽ സെക്ഷന്റെയും (151725/-രൂപ) ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2.പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നം. : 42/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 182161/-

ജില്ലാ പഞ്ചായത്ത് വിഹിതം- 182161/-

ആകെ - 364322/-രൂപ

ചെലവ് : 182161/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 182161/-

(1.ട്രഷറി ബിൽ നം .5 തീ.18.05.2020- 182161/-)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതി പ്രകാരം തൻവർഷം മേൽ പദ്ധതി പ്രകാരം ആകെ 182161/-രൂപ രൂപ മേൽ ട്രഷറി ബിൽ പ്രകാരം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കരുവാറ്റ ഇലക്ട്രിക്കൽ സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3.പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നം. : 161/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 40000/-

ചെലവ് : 3,38,000/- (1.ട്രഷറി ബിൽ നം.28തീ.19.03.2021-300000/- രൂപ

2.ട്രഷറി ബിൽ നം.29 തീ.19.03.2021-38000 /- രൂപ)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ 11-ാം വാർഡിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. തൻവർഷം ഈ പദ്ധതി നിർവഹിക്കുന്നതിലേക്കായി 338000/-രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് / യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായ് ലഭ്യമാക്കിയിട്ടില്ല.

4.പ്രോജക്ടിന്റെ പേര് : കെ.എസ്.ഇ.ബി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

പ്രോജക്ട് നം. : 29/2021

അടങ്കൽ : തനത് ഫണ്ട് - 50000/-

ചെലവ് :24232/- (1.ചെക്ക് നം.36403 തീ.17.09.2020)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അപകടകരമായി നില്ക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി

സ്ഥാപിക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. തൻവർഷം ഈ പദ്ധതി പ്രകാരം ആകെ 24232/-രൂപ കാർത്തികപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്ക് മേൽ ചെക്ക് പ്രകാരം നിക്ഷേപിച്ചിരുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

5.പ്രോജക്ടിന്റെ പേര് : കുഴൽ കിണർ നിർമാണത്തിനായി തുക ഡെപ്പോസിറ്റ് ചെയ്യൽ

പ്രോജക്ട് നം. : 192/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1625600/-

ചെലവ് : 1625600/- (1.ട്രഷറി ബിൽ നം.31 തീയതി 19.03.2021-845000/- രൂപ

2.ട്രഷറി ബിൽ നം.44 തീയതി 30.03.2021-700000 /- രൂപ

3.ട്രഷറി ബിൽ നം.45 തീയതി 30.03.2021-80600 /- രൂപ)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാർഡ് 6-ൽ എസ്.എൻ നഗറിലും, വാർഡ് 16-ൽ ഹൈസ്കൂൾ ഗ്രൗണ്ടിലും കുഴൽക്കിണർ സ്ഥാപിക്കുന്നതിനായി മേൽ ബില്ലുകൾ പ്രകാരം ആകെ 1625600/-രൂപ ഭൂജല വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി.17.11.2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതികളൊന്നും പൂർത്തീകരിക്കപ്പെട്ട് കംപ്ലീഷൻ സർട്ടിഫിക്കറ്റ്/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലായെന്നറിയിച്ചു. രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് തുക (3609993/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമല്ല

1.പ്രോജക്ടിന്റെ പേര് : മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

പ്രോജക്ട് നം. : 28/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 685000/-

ചെലവ് : 273999/- (1.ട്രഷറി ബിൽ നം.46 തീയതി 30.03.2021- 273999/-)

ഈ പദ്ധതി പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 2മിനിമാസ്റ്റ് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 273999/-രൂപ (രണ്ട് ലക്ഷത്തി എഴുപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊൻപത് രൂപ) നിർവഹണ ഏജൻസിയായ കെൽട്രോണിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ് റിപ്പോർട്ടുകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

2.പ്രോജക്ടിന്റെ പേര് : മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ

പ്രോജക്ട് നം. : 43/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 411000/-

ചെലവ് : 411000/-

(1.ട്രഷറി ബിൽ നം.2 തീയതി 18.05.2020- 183872/-

2.ട്രഷറി ബിൽ നം.3 തീയതി 18.05.2020- 227128/-)

ഈ പദ്ധതി പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 3 മിനിമാസ്റ്റ് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 411000/-രൂപ (നാല് ലക്ഷത്തി പതിനോരായിരം രൂപ) നിർവഹണ ഏജൻസിയായ കെൽട്രോണിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് മേൽ ബില്ലുകൾ പ്രകാരം ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ് റിപ്പോർട്ടുകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി 17.11.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (684999/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഫണ്ടുകൾ ചെലവഴിക്കാതവശേഷിക്കുന്നു

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2021 മാർച്ച് 31-ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ഷെഡ്യൂൾ B-4 പ്രകാരം താഴെ പറയും പ്രകാരം ഉള്ള ഫണ്ടിനങ്ങളിൽ ബാധ്യത നിലനില്ക്കുന്നതായി കാണുന്നു. മേൽ ബാധ്യതയ്ക്ക് തത്തുല്യമായ തുക ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു.

| ക്രമ നം. | ഫണ്ടിനം | തുക (രൂപ) |
|---|---|---|
| 1. | Centrally Sponsored Scheme- Total Sanitation Campaign(TSC) | 898261 |
| 2. | Centrally Sponsored Scheme- Integrated Child Development Scheme (ICDS) | 1113799 |
| 3. | Fund For Transferred Institutions - Fisheries- Capital | 1844000 |
| 4. | Literacy Scheme Grant | 55208 |
| 5. | Grant From Suchithwa Mission | 567061 |
| 6. | Grants, Funds & Contributions For Specific Purposes Other Government Agencies | 210461 |
| 7. | Grants, Funds & Contributions For Specific Purposes Welfare Bodies- Capital | 31135 |
| 8. | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayaths | 565143 |
| 9. | Contributions For Joint Venture Projects (For Revenue Expenditure) From District Panchayaths | 2920000 |
| 10. | Contributions For Joint Venture Projects (For Capital Expenditure) From District Panchayaths | 995433 |
| 11. | Other Grants, Funds & Contributions For Specific Purposes- Capital | 2781000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി.06.11.2021) ലഭ്യമാക്കിയ മറുപടിയിൽ ടി തുകകളെല്ലാം തന്നെ അതത് മേഖലകളിൽ പ്രോജക്ട് രൂപീകരിച്ച് ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും 2021-22 സാമ്പത്തിക വർഷത്തോടെ ചെലവഴിക്കപ്പെടുമെന്നും അറിയിച്ചു. ബഡ്സ് സ്കൂളിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ഫണ്ടുകൾ യഥാസമയം ചെലവഴിക്കാൻ സാധിക്കാത്തത് കോവിഡ് മഹാമാരി മൂലം ഈ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാലാണെന്നും അറിയിച്ചു. ഫണ്ടുകൾ യഥാസമയം നിർണ്ണയിക്കപ്പെട്ട ആവശ്യങ്ങൾക്കായി ചെലവഴിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 അർഹതയുള്ള ഗുണഭോക്താക്കളുടെ അഭാവം മൂലം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം

(1) I)പ്രോജക്ട് നം. S00 47/21 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്

അടങ്കൽ

480000/-(വികസന ഫണ്ട്)

ചെലവ്

ബിൽ നം. 1/21 -24.4.2020-138610/-

ബിൽ നം . 2/21-17.3.21-341390/-

Ii) പ്രോജക്ട് നം. S00 66/21 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്

അടങ്കൽ

90000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

210000/-(വികസന ഫണ്ട്)

ചെലവ്

ബിൽ നം 3/21 -17.3.2021-90000/-

4/21-17.3.21-193498/-

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി 2019-20, 20-21 വർഷങ്ങളിലായി വിഭാവനം

ചെയ്ത് നടപ്പിലാക്കിയ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി 5 ലാപ്ടോപ്പുകൾ 27722/-രൂപ പ്രകാരവും 22 ലാപ്ടോപ്പുകൾ 28404/-രൂപ പ്രകാരവുമായി ആകെ 27 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇതിൽ 22.3.2021 ൽ ലഭിച്ച 5 ലാപ്ടോപ്പുകളും 2.11.2021 ൽ ഇൻസ്റ്റാൾ ചയ്ത് ലഭിച്ചിട്ടുള്ള 22 ലാപ്ടോപ്പുകളിൽ 9 എണ്ണവും മാത്രമേ ഓഡിറ്റ് തീയതി വരെ വിതരണം ചെയ്തിട്ടുള്ളൂ. അർഹതയുള്ള ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിക്കാതെയാണ് പർച്ചേസ് ഓർഡർ നല്കിയിട്ടുള്ളത് എന്ന് ഫയൽപരിശോധനയിൽ അറിയാൻകഴിഞ്ഞു. ഇലക്ട്രോണിക് ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് ലഭിക്കുമ്പോൾ തന്നെ വിതരണം ചെയ്യാതിരിക്കുന്നതുമൂലം അവയുടെ ബാറ്ററി കേടാവുന്നതിനും വാറന്റി പിരീഡ് കഴിയുന്നതിനും ഇടയാക്കും. സ്റ്റോക്കിലെടുത്തിരിക്കുന്ന 13 ലാപ്ടോപ്പുകൾ എത്രയും വേഗം അർഹതയുള്ള ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്. ലാപ്ടോപ്പ് വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി 13 ലാപ്ടോപ്പുകളുടെ വിലയായ 369252/-രൂപ (28404x13) തടസ്സപ്പെടുത്തുന്നു.

(2) പ്രോജക്ട് നം. S00 64/21 മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പഠന ഉപകരണം

അടങ്കൽ

240000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ്

ബിൽ നം. 1/21 -17.3.2021-240000/-

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി സിഡ്കോയിൽ നിന്നുള്ള ഇൻവോയിസ് 110/1.3.21 പ്രകാരം 17.3.21 ൽ 30 എണ്ണം വീതം മേശ, കസേര എന്നിവയുടെ ഒരു യൂണിറ്റിന് 8000/-പ്രകാരം ആകെ 240000/- രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ 20 എണ്ണം (മേശ,കസേര) മാത്രം ലഭിച്ചത് സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 13 എണ്ണം മാത്രമാണ് ഓഡിറ്റ് തീയതി വരെ വിതരണം നടത്തിയത്. 2018-19, 2019-20 ലുമായി 200 ലധികം ഗുണഭോക്താക്കൾക്ക് ഇതേ പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിലും അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷ സ്വീകരിച്ചതിനുശേഷമല്ല പർച്ചേസ് ഓർഡർ നൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ അർഹരായ ഗുണഭോക്താക്കളെ ലഭിക്കാത്തതാണ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാക്കുന്നത്. ലഭിച്ച ഉപകരണങ്ങൾ വിതരണം നടത്താതിരുന്നതിനും പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിനും രേഖാമൂലം വിശദീകരണം നൽകുവാനാവശ്യപ്പെട്ടതിന്(എൻക്വയറി നം. 12/12.11.21) നൽകിയതിന് 10 പഠനോപകരണങ്ങൾ ഉടൻതന്നെ നല്കുന്നതാണെന്ന് സിഡ്കോയിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നും ലഭിച്ച പഠനോപകരണങ്ങളിൽ 7 എണ്ണം ഉടൻ തന്നെ വിതരണം നടത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 17 പഠനോപകരണങ്ങൾ വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കുന്നതിനു വിധേയമായി 136000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം

പ്രോജക്ട് നം.21/2021

പ്രോജക്ടിന്റെ പേര്: പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം

അടങ്കൽ -വികസന ഫണ്ട് (എസ്.സി.പി): 400000/-രൂപ

ചെലവ്:- 175000/-രൂപ (1.ബിൽ നം.8/20-21/27.1.21 തുക.50000/-

2.ബിൽ നം.10/20-21/4.3.21 തുക.75000/-

3.ബിൽ നം.11/20-21/30.3.21 തുക.50000/-)

നിർവഹണം:- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം -

2020-21 സാമ്പത്തികവർഷം വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 400000/- രൂപ വകയിരുത്തി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം. ക്രമ നം.1,2 പ്രകാരമുള്ള ബിൽ തുക വിനു.കെ, പുത്തൻപറമ്പിൽ എന്ന ഗുണഭോക്താവിന് നല്കിയിട്ടുണ്ട്. ക്രമ നം.3 ബിൽ പ്രകാരമുള്ള തുക 50000/-രൂപ ജയന്തി, പാട്ടത്തിൽ എന്ന ഗുണഭോക്താവിനാണ് നല്കിയിരിക്കുന്നത്. ടി ഗുണഭോക്താവ് നാളിതുവരെയായും പഠനമുറി നിർമാണം പൂർത്തീകരിച്ചിട്ടില്ല. ടിയാൾക്ക് ആവശ്യമായ നിർദേശങ്ങൾ നല്കി പഠനമുറി നിർമാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25 തീയതി. 17.11.2021) മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടിയാൾക്കായി ചെലവഴിച്ച 50000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 അഗതി-ആശ്രയ പദ്ധതി - വീട് നിർമ്മാണത്തിന് നൽകിയ തുക ചെലവഴിച്ചില്ല

പ്രോജക്റ്റ് നം. - S0044/21 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് -അഗതി-ആശ്രയ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 500000/-

എക്സ്റ്റേണലി എയ്ഡഡ് പരിപാടി - 900000/-

ആകെ അടങ്കൽ - 1400000/-

ചെലവ് -200000/-രൂപ- ബ്ലോക്ക് വിഹിതം (ട്രഷറി ബിൽ നം.7/20-21/27.1.21 )

അഗതികളുടെ വീട് നിർമ്മാണത്തിനായി മേൽ ബിൽ പ്രകാരം 200000/-രൂപ തൃക്കുന്നപ്പുഴ സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. അഗതി രഹിത കേരള പ്രോജക്ടിന്റെ (DFK) ഫണ്ട് നിക്ഷേപിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് തൃക്കുന്നപ്പുഴ ശാഖയിലെ 40231001014101 നമ്പർ അക്കൌണ്ടിൽ ഈ തുക 28.1.2021 ൽ വരവ് വന്നിട്ടുണ്ട്. അഗതികളുടെ വീട് നിർമ്മാണം ആണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. നാളിതു വരെയായും പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. തുക ചെലവഴിക്കാത്തതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25 തീയതി. 17.11.2021) മറുപടി ലഭ്യമാക്കിയില്ല. തുക വിനിയോഗിക്കാത്ത സാഹചര്യത്തിൽ 200000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക അർഹരായ ഗുണഭോക്താക്കൾക്കായി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 വികസന ഫണ്ട് മുൻവർഷ തുകകൾ ബാധ്യതയായി അവശേഷിക്കുന്നു

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2021 മാർച്ച് 31-ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Development Fund- General ഇനത്തിൽ 807992/-രൂപയും, Development Fund- Central Finance Commission Grant ഇനത്തിൽ 626887/-രൂപയും ബാധ്യതയായി അവശേഷിക്കുന്നു. ഈയിനത്തിൽ ചെലവഴിക്കാതവശേഷിക്കുന്ന തുകകൾ നിലവിൽ ലാപ്സായി പോകുകയാണുണ്ടാവുക. Development Fund -General ഇനത്തിലുള്ള തുക 31.03.2016-ലെ ബാലൻസ് ഷീറ്റ് മുതലും, Development Fund- Central Finance Commission Grant ഇനത്തിലുള്ള തുക 31.03.2018-ലെ ബാലൻസ് ഷീറ്റ് മുതലും, ഇതേ തുക തന്നെ ബാലൻസായി അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. ചെലവഴിക്കാതവശേഷിക്കുന്ന ഈ തുകകൾ ഏത് അക്കൌണ്ടിലാണൊ നിക്ഷേപിച്ചിരിക്കുന്നത് ആ അക്കൌണ്ടിൽ നിന്നും പിൻവലിച്ച് അതത് ഹെഡിലേയ്ക്ക് ആർ.ഒ.പി-യായി തിരികെ ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 15.11.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-30 ലൈഫ് മിഷൻ പദ്ധതി-ഭവനനിർമ്മാണം - തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല

2020-21 സാമ്പത്തികവർഷം വി.ഇ.ഒ. തൃക്കുന്നപ്പുഴ നിർവ്വഹണം ചെയ്ത സ്പിൽ ഓവർ പ്രോജക്ടാണ് ലൈഫ് മിഷൻ പദ്ധതി-എസ്.സി. വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം (പ്രോജക്റ്റ് നം - S0139/21).

<u>വകയിരുത്തൽ</u>

വികസനഫണ്ട്(എസ്.സി.പി) - 528764/-

സംസ്ഥാനാവിഷ്കൃതഫണ്ട് -500000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1754000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 1691236/-

മറ്റുള്ളവ - 8426000/-

ആകെ അടങ്കൽ - 12900000/-

<u>ചെലവ്</u>

വികസനഫണ്ട്(എസ്.സി.പി) - 520000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -100000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 880000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 240000/-

മറ്റുള്ളവ - 0/-

ആകെ ചെലവ് - 1740000/-

2019-20 ൽ നിന്നും സ്പിൽ ഓവർ പ്രോജക്റ്റ് ആയ S0139/21 ൽ നിന്നും 2019-20 വർഷം കരാർ വെച്ച് തുക കൈപ്പറ്റിയ 6 പേരിൽ 5 പേർ പ്രവൃത്തി പൂർത്തിയാക്കി. രശ്മിണി, തൈവേലിക്കകത്ത് എന്ന ഗുണഭോക്താവ് മേൽക്കൂര നിർമ്മാണം വരെ പൂർത്തിയാക്കി.

2020-21 ൽ 11 പേർ കരാർ വെച്ചതിൽ 3 പേർ പ്രവൃത്തി പൂർത്തിയാക്കി. 5 പേർ മേൽക്കൂര നിർമ്മാണം വരെയായി. 2 പേർ ലിന്റൽ നിർമ്മാണം വരെയായി. ആദ്യ ഗഡു 40000/-(ബിൽ നം.20070652008201001669 തീയതി 16.2.21) കൈപ്പറ്റിയ ചിത്ര, കട്ടവിൽപറമ്പിൽ എന്ന ഗുണഭോക്താവ് 10.11.2021 ൽ മാത്രമാണ് നിർമ്മാണ പ്രവൃത്തിക്കാവശ്യമായ സാധനസാമഗ്രികൾ ഇറക്കി അടിത്തറ നിർമ്മാണത്തിനായുള്ള പ്രാരംഭഘട്ട ജോലി ആരംഭിച്ചത്. സമീപവാസികൾ ചിത്രയുടെ ഭൂമിയിലേക്കുള്ള വഴി തടസ്സപ്പെടുത്തുകയും സർക്കാർ ഇടപെടലിനെ തുടർന്ന് വഴി പുന:സ്ഥാപിച്ച് കിട്ടിയതിന് വന്ന കാലതാമസം മൂലമാണ് പ്രവൃത്തി ആരംഭിക്കാൻ വൈകിയതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 11 തീയതി. 12.11.21) വി.ഇ.ഒ.മറുപടി ലഭ്യമാക്കി.

പ്രോജക്റ്റ് ആരംഭിക്കുന്ന സാമ്പത്തിക വർഷം കരാർ വെയ്ക്കുന്ന ഗുണഭോക്താക്കളിൽ വ്യക്തമായ കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കാത്തവർക്ക് മാത്രമായാണ് സ്പിൽ ഓവർ പ്രോജക്റ്റിൽ തുക വകയിരുത്തുന്നത്. എന്നാൽ പ്രോജക്റ്റ് സ്പിൽ ഓവറാകുമ്പോഴും പുതിയ ഗുണഭോക്താക്കളെക്കൊണ്ട് കരാർ വെപ്പിച്ച് ആനുകൂല്യം നൽകുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്തിലെ ക്ഷേമപെൻഷൻ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷം നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ സഹകരണബാങ്ക് അക്കൗണ്ടിലേക്ക് തുടർന്നും തുക നൽകി വരുന്നു.

| ക്രമ നം. | പേര്/വിലാസം/ ആധാർ നമ്പർ | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ റിപ്പോർട്ട് ചെയ്ത തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | തങ്കമ്മ പുത്തൻപുരയിൽ, കിഴക്കേക്കര വടക്ക്,568590865557 | വാർദ്ധക്യ കാല പെൻഷൻ, 104750201584 | 19.2.2021/3.3.2021 | 8x600=4800 |
| 2 | സരസമ്മ വടക്കേപ്പറമ്പിൽ, പതിയാങ്കര | ,,104750200216 | 4.8.2020/31.3.2021 | 2020സെപ്തംബർ മുതൽ ഫെബ്രുവരി വരെ 6x1500 -തുക കൈമാറിയിട്ടില്ല (മാർച്ച്-1500,ഏപ്രിൽ-1600. തുക കൈമാറി)മെയ് മുതൽ ഒക്ടോബർ വരെ 1600x6 തുക കൈമാറിയിട്ടില്ല |
| 3 | തങ്കമ്മ കണ്ണൻ ചിറയിൽ, കിഴക്കേക്കര വടക്ക് | ,,104750202254 | 4.3.21/30.3.21 | തുകനിക്ഷേപിക്കാൻ സാധിച്ചിട്ടില്ല |

ക്രമ നം 2, സരസമ്മ എന്ന വ്യക്തി മരണപ്പെട്ടതിനുശേഷമുള്ള, മാർച്ച്, ഏപ്രിൽ, മാസങ്ങളിലെ തുക കൈപ്പറ്റിയതായാണ് പെൻഷൻ വിതരണ വിവരത്തിൽ കാണിച്ചിരിക്കുന്നത്. പെൻഷൻ നിർത്തലാക്കപ്പെടുന്നതുവരെ നല്കിയിട്ടുള്ള ഈ തുകകൾ സഹകരണബാങ്കുകൾ കേരള ബാങ്കിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (24/17.11.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കാതിരിക്കുന്നത്

സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. സർക്കുലർ നം. എസ്.എഫ്.സി.ബി 2/53/2017 ധന തീയതി 22.01.2018 പ്രകാരം പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് ധനകാര്യവകുപ്പിന്റെ സർക്കുലർ നം 69/2018 ധന.തീയതി 26.7.2018 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ് .

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിക്കേണ്ടതാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്.

## 1-32 ഒരേ ഇനം മരുന്നിന് വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു

മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പിലാക്കുന്ന മരുന്നുവാങ്ങൽ പ്രോജക്ടുകളിൽ ലഭ്യമാകുന്ന മരുന്നുകൾ സ്റ്റോക്കിലെടുക്കുന്നത് ഒരു വർഷത്തെ ഒരു പ്രോജക്ടിന് ഒരു സ്റ്റോക്ക് രജിസ്റ്റർ എന്ന രീതിയിലാണ്. 2019-20ലെ സ്റ്റോക്ക് രജിസ്റ്ററുകളിലെ പേജുകൾ അവശേഷിക്കുമ്പോൾ തന്നെ അതുപേക്ഷിച്ച് 2020-21 ലെ ഓരോ പ്രോജക്ടുകളിൽ ലഭിച്ച മരുന്നുകൾ പുതിയ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നു. ഇത് ക്രമ വിരുദ്ധമാണ്.

ഒരു മരുന്നിന്റെ എല്ലാ വാങ്ങലുകളും വിതരണവും ഒരു സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും അറിയാൻ കഴിയുന്ന തരത്തിലും സ്റ്റോക്ക് രജിസ്റ്ററിലെ അവസാനപേജ് വരെയും ഉപയോഗിക്കുന്ന രീതിയിലുമായിരിക്കണം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടത്.

## 1-33 ഇടവിളക്കിറ്റ് വിതരണം - അപാകതകൾ

2020-21 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 225000/-രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടാണ്, സുഭിക്ഷകേരളം-ഇടവിളക്കിറ്റ് വിതരണം (പ്രോജക്ട് നം. S0142/21). ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവ ഉൾപ്പെട്ട കിഴങ്ങ് വർഗ്ഗ കിറ്റ് നൽകുകയായിരുന്നു അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. VFPCK, Krishi Business Kendra, Ernakulam നിന്നും 225000/- രൂപ ചെലവഴിച്ച് (ബിൽ നം.4/20-21/ 17.2.21) കിറ്റൊന്നിന് 500/-രൂപ നിരക്കിൽ 450, Planting Material Tuber Kits വാങ്ങിയിട്ടുണ്ട് (Invoice No. KBK/EKM/PR/20-21/151/11.2.21). എന്നാൽ കിറ്റിൽ ഏതൊക്കെ കിഴങ്ങ് വർഗ്ഗമെന്നോ എത്ര കിലോ വീതം വാങ്ങിയെന്നോ ഉള്ളതിന്റെ വിവരം ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്ററിലും 450 കിറ്റ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണ വിവരം ഹാജരാക്കിയിട്ടില്ല. കിഴങ്ങ് വർഗ്ഗം ഇനം തിരിച്ച് വാങ്ങി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 തീയതി.11.11.21) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാലും വാങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ ഏതൊക്കെയെന്ന് ബില്ലിൽ രേഖപ്പെടുത്താത്തതിനാലും ചെലവ് തുക 225000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 മരുന്നുകളും മരുന്നുപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കിയില്ല

2020-21 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളിൽ മരുന്നുകളും മരുന്നുപകരണങ്ങളും പൂർണ്ണമായും ലഭിക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

I)പ്രോജക്ട് നം. - S 0033/21

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പദ്ധതി 2020-21

വകയിരുത്തൽ

വികസനഫണ്ട് - 700000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 260000/-

ആകെ അടങ്കൽ - 960000/-

1) ബിൽ നം.13/20-21/5.10.20 തുക.99459/-

KMSCL ന്റെ PRF 2477 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മരുന്നുകൾക്കായി 99459/- രൂപ നൽകി. എന്നാൽ 94279/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 5180/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2) ബിൽ നം.17/20-21/28.10.20 തുക.215420/-

KMSCL ന്റെ 14.10.20 ലെ PRF 2946 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 53 ഇനം മരുന്നുകൾക്കായി 215420/- രൂപ നൽകി. എന്നാൽ 155412/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 60008/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

3) ബിൽ നം.19/20-21/9.11.20 തുക.160036/-

KMSCL ന്റെ 9.10.20 ലെ PRF 2829 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 18 ഇനം മരുന്നുകൾക്കായി 160036/- രൂപ നൽകി. എന്നാൽ 31573/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 128463/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

4) ബിൽ നം.31/20-21/23.3.21 തുക.72066/-

KMSCL ന്റെ 23.2.21 ലെ PRF 5668 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 15 ഇനം മരുന്നുകൾക്കായി 72066/- രൂപ നൽകി. എന്നാൽ 4347/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 67719/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

II)പ്രോജക്ട് നം. - S 0034/21

പ്രോജക്ടിന്റെ പേര് - ഫിഷറീസ് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

വകയിരുത്തൽ

മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) - 700000/-

1) ബിൽ നം.10/20-21/20.9.20 തുക.700000/-

KMSCL ന്റെ 7.9.20 ലെ PRF 2245 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 64 ഇനം മരുന്നുകൾക്കും മരുന്നുപകരണങ്ങൾക്കുമായി 700000/- രൂപ നൽകി. എന്നാൽ 217859/- രൂപയുടെ സാധനങ്ങൾ മാത്രമാണ് ലഭ്യമായത്. 482141/- രൂപയുടെ സാധനങ്ങൾ ലഭ്യമായിട്ടില്ല.

മരുന്നുകളും മരുന്നുപകരണങ്ങളും പൂർണ്ണമായും ലഭ്യമാകാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/15.11.21), KMSCL നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി നൽകി. മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭ്യമാകാത്തവയുടെ വിലയായ 743511/-രൂപ തടസ്സപ്പെടുത്തുന്നു ( 5180+60008+128463+67719+482141).

## 1-35 ബയോബിൻ നൽകൽ - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല

2020-21 സാമ്പത്തികവർഷം വി.ഇ.ഒ. പല്ലന നിർവ്വഹണം ചെയ്ത ബയോബിൻ നൽകൽ എന്ന പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം -S0144/21(New)

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 1560000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 600000/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്)- 240000/-

ആകെ അടങ്കൽ - 2400000/-

ചെലവ്

ധനകാര്യകമ്മീഷൻ അവാർഡ് - 1517400/-

ജില്ലാ പഞ്ചായത്ത് വിഹിതം - 0/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്)- 0/-

ആകെ ചെലവ് - 1517400/-

1) ബിൽ നം 16/20-21/17.3.21 തുക.757800/-

2) ബിൽ നം. 18/20-21/25.3.21 തുക.759600/-

മാലിന്യസംസ്കരണം ലക്ഷ്യമിട്ട് ബയോ കമ്പോസ്റ്റർ ബിൻ വാങ്ങി വാർഡ് 15 ലെ 400 വീടുകൾക്കും ബാക്കിയുള്ളവ മറ്റ് വാര്ഡുകളിലും വിതരണം ചെയ്യുന്നു. ആയതിന് IRTC-Project Implementation Unit, പാലക്കാടിനെ ചുമതലപ്പെടുത്തി.

1) IRTC-Project Implementation Unit, പാലക്കാട് 2 ഘട്ടമായി ബയോ കമ്പോസ്റ്റർ ബിൻ നൽകിയതിന് ഹാജരാക്കിയ ടാക്സ് ഇൻവോയ്സുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| Invoice No | Date | Description | Qty (Nos) | Rate | Amount |
|---|---|---|---|---|---|
| B2B042 | 7.7.21 | Bio Composter Bin-FRP | 354 | 1607.14 | 568927.56 |
| CGST 6% | | | | | 34135.65 |
| SGST 6% | | | | | 34135.65 |
| TOTAL | | | | | 637200 |

| Invoice No | Date | Description | Qty (Nos) | Rate | Amount |
|---|---|---|---|---|---|
| B2B103 | 29.9.21 | Bio Composter Bin-FRP | 489 | 1607.14 | 785892.46 |
| CGST 6% | | | | | 47153.55 |
| SGST 6% | | | | | 47153.55 |
| TOTAL | | | | | 880200 |

ബിൽ നം.16/21/17.3.21, ബിൽ നം.18/21/25.3.21 എന്നിവ പ്രകാരം യഥാക്രമം 757800/-, 759600/- ഒട്ടാകെ 1517400/- രൂപ IRTC-PIU ന് നൽകി. അപാകതകൾ ചുവടെ കൊടുക്കുന്നു.

എ) പ്രോജക്ടിന് ലഭ്യമായ ശുചിത്വമിഷൻ സാങ്കേതികാനുമതി (No.D5(SM)TS-22/1582/2020/15.2.2021) പ്രകാരം, അടങ്കൽ തുകയിൽ സബ്സിഡിയിലെ 25% ജില്ലാ പഞ്ചായത്ത് വിഹിതവും 65% തുക തദ്ദേശസ്വയംഭരണസ്ഥാപന വിഹിതവും ,ബാക്കി 10% തുക ഗുണഭോക്തൃവിഹിതവുമാണ്. ആയത് പ്രകാരം 1333 ബിന്നുകൾക്കുള്ള തുകയാണ് പ്രോജക്ടിൽ വകയിരുത്തിയത്.

പ്രോജക്ട് നടപ്പിലാക്കിയപ്പോൾ 843 ബയോ കമ്പോസ്റ്റർ ബിന്നിന്റെ വിലയായ 1517400/- രൂപയുടെ 10% 151740/- രൂപ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ അടവാക്കി.

പ്രോജക്ട് പ്രകാരം 843 ഗുണഭോക്താക്കളിൽ നിന്നും 180/-രൂപ വീതം ആകെ 151740/-(ഒരുലക്ഷത്തി അൻപത്തൊന്നായിരത്തി എഴുന്നൂറ്റി നാൽപത് രൂപ മാത്രം) ഈടാക്കി പഞ്ചായത്തിന്റെ തനത്ഫണ്ടിൽ അടവാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| രശീതി നം | തീയതി | തുക |
|---|---|---|
| 120040101599 | 20.2.21 | 32580 |
| 120040101638 | 22.2.21 | 10800 |
| 120040101650 | 23.2.21 | 7200 |
| 120040101660 | 23.2.21 | 3600 |
| 120040101662 | 23.2.21 | 5220 |
| 120040101665 | 23.2.21 | 7200 |
| 120040101685 | 24.2.21 | 5400 |
| 120040101695 | 24.2.21 | 2160 |
| 120040101709 | 26.2.21 | 48060 |
| 120040101751 | 1.3.21 | 27360 |
| 120040101763 | 2.3.21 | 2160 |
| ആകെ | | 151740 |

പ്രോജക്ട് പ്രകാരം 843 ബിന്നുകളുടെ വിലയായ 1517400/-രൂപ,ഓരോ ഫണ്ടിൽ നിന്നുമായി ചെലവഴിക്കേണ്ടിയിരുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ധനകാര്യകമ്മീഷൻ അവാർഡ് (65%) = 986310/-

ജില്ലാ പഞ്ചായത്ത് വിഹിതം (25%) = 379350/-

ഗുണഭോക്തൃവിഹിതം (10%) = 151740/-

986310/-രൂപ ധനകാര്യകമ്മീഷൻ അവാർഡു തുകയും, 379350/-രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും, 151740/-രൂപ

ഗുണഭോക്തൃവിഹിതവും, ചേർത്ത് 1517400/-രൂപ IRTC-PIU ന് നൽകേണ്ടതിന് പകരം മുഴുവൻ തുകയും(1517400/-) ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും നൽകി. ജില്ലാ പഞ്ചായത്ത് വിഹിതം 600000/-രൂപയും, ഗുണഭോക്തൃവിഹിതം ഈടാക്കിയത് 151740/- രൂപയും ഉണ്ടായിരിക്കെ, ആയത് ചെലവഴിക്കാതെ ധനകാര്യകമ്മീഷൻ അവാർഡു തുകയിൽ നിന്നും 531090/-രൂപ (379350/-+151740/-)വകമാറ്റി ചെലവഴിച്ചു.

ബി) ശുചിത്വമിഷൻ സാങ്കേതികാനുമതി പൊതുനിബന്ധനകൾ (4)പ്രകാരം, പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി ജില്ലാ ശുചിത്വ മിഷൻ മോണിറ്റർ ചെയ്യുന്നതാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

സി) ശുചിത്വമിഷൻ സാങ്കേതികാനുമതി പൊതുനിബന്ധനകൾ (6)പ്രകാരം, ബയോ കമ്പോസ്റ്റർ ബിൻ യൂണിറ്റിനാണ് അംഗീകാരം നൽകിയിരിക്കുന്നത്. ആയത് തന്നെയാണ് സ്ഥാപിച്ചതെന്ന് കംപ്ളീഷൻ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

2) IRTC-PIU നിർവ്വഹണ ഉദ്യോഗസ്ഥനുമായി 22.2.21 ൽ ഒപ്പുവെച്ച കരാർ വ്യവസ്ഥ 3 പ്രകാരം, ബയോ കമ്പോസ്റ്റർ ബിൻ ഗ്രാമ പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് IRTC-PIU എത്തിച്ച് നൽകുന്നതും ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിതരണം നടത്തേണ്ടതുമാണ്. അപാകതകൾ ചുവടെ കൊടുക്കുന്നു.

എ) ബയോ കമ്പോസ്റ്റർ ബിൻ സ്റ്റോക്കിലെടുത്തതിന്റെ രേഖയില്ല.

ബി) ബയോ കമ്പോസ്റ്റർ ബിൻ സ്ഥാപിച്ചതിന്റെ രേഖയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3തീയതി.5.11.21), ഗുണഭോക്തൃവിഹിതം 151740/-രൂപ ചെലവഴിക്കാതിരുന്നത് ജോലിതിരക്ക് മൂലം സംഭവിച്ച പിഴവ് കൊണ്ടാണെന്നും, കമ്മറ്റി തീരുമാനത്തോടെ തുക ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് റീക്ലപ്പ് ചെയ്യുന്നതാണ് എന്നും മറുപടി നൽകി. പഞ്ചായത്ത് തല ശുചിത്വ മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ പ്രോജക്ട് മോണിറ്റർ ചെയ്തിട്ടുള്ളതാണെന്നും, ബയോബിന്നുകൾ മുഴുവൻ ഗുണഭോക്താക്കളും ജൈവ മാലിന്യ സംസ്കരണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഗുണഭോക്തൃവിഹിതം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് റീക്ലപ്പ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കരാർ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകളും, മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 1517400/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. കൂടാതെ കാലിവീപ്പയുടെ വില തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് ജി.ഒ.(പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം/ കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (ബാരൽ) | ഈടാക്കിയ തുക | 281രൂപ നിരക്കിൽ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 107/21 കളത്തിപ്പറമ്പ് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ്/സുരേഷ് കുമാർ | 12 | 3000 | 3372 | 372 | 9/20.1.21 |
| 2 | 94/21 ഹൈസ്കൂൾ ജം.റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ്/മനോഹരൻ | 8 | 2000 | 2248 | 248 | 23/30.3.21 |
| 3 | 58/21 മോടന്തറ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ്/മനോഹരൻ | 9 | 2250 | 2529 | 279 | 24/30.3.21 |
| 4 | 129/21 വീട്ടിൽമുക്ക് പുതുവൽ റോഡ് ടാറിംഗ് | സി.എഫ്.സി/ പുരുഷോത്തമൻ | 20 | 5000 | 5620 | 620 | 13,14/29.3.21 |
| | ആകെ | | | | | 1519 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/15.11.21) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകെ കുറവ് വന്ന 1519/- രൂപയിൽ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്ന കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും പ്രത്യേകം കണക്കാക്കി ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-37 മെറ്റീരിയൽ സപ്ലൈ ജി.എസ്.ടി ഈടാക്കിയതിൽ കുറവ്

കൊച്ചുതറക്കാട് വാലേക്കടവ് റോഡ് നിർമ്മാണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 ൽ നടപ്പിലാക്കിയ കൊച്ചുതറക്കാട് വാലേക്കടവ് റോഡ് നിർമ്മാണം പദ്ധതിക്ക് ആവശ്യമായ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ലഭ്യമായ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. മനോഹരൻ എന്നയാളുമായി കരാറിൽ ഏർപ്പെടുകയും ഇയാൾ കരാർ നിരക്കനുസരിച്ച് ഗ്രഡ് എർത്ത് 85.72m$^3$, (@1000/m3), ക്വാറി മക്ക് 205.87m$^3$@ 1300/m$^3$ എന്നിങ്ങനെ ആകെ 353282/-രൂപയുടെ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്. ഫൈനൽ ബില്ലിൽ നിന്നും നികുതികൾ കുറവ് ചെയ്യാതിരുന്നതിനാൽ ടിയാൾ പഞ്ചായത്തിൽ തുക ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ രസീത് നമ്പർ 121040100614/6.8.21 പ്രകാരം ജി.എസ്.ടി ഇനത്തിൽ 2066/-രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ. 7066/-രൂപ ഈടാക്കേണ്ടിയിരുന്നു. ഈയിനത്തിൽ കുറവു വന്ന 5000/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-38 പദ്ധതി നിർവഹണം കാര്യക്ഷമമല്ല- ഫണ്ടുകൾ ലാപ്സാവുന്നു

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം ആകെ ഏറ്റെടുത്ത ..... പദ്ധതികളിൽ 27 പദ്ധതികൾ നടപ്പാക്കിയില്ല. തൻവർഷം പദ്ധതി നിർവഹണത്തിനായി ലഭ്യമായ വിവിധ ഗ്രാന്റുകളിൽ നല്ലൊരു ഭാഗം ചെലവഴിക്കാനാവാതെ ലാപ്സായി പോവുകയും ചെയ്തു സാഹചര്യത്തിലാണ് ഇത്രയധികം പദ്ധതി നിർവ്വഹിക്കാനാവാതെ വന്നതെന്നത് പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. വിവിധ ഗ്രാന്റുകൾ ഉപയോഗിച്ച് ആവിഷ്കരിച്ചതിൽ ചെലവഴിക്കപ്പെടാതെ പോയ തുകയും തൻവർഷം ലാപ്സായ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വികസന ഫണ്ട് ജനറൽ | വികസന ഫണ്ട്- എസ്.സി.പി | ധനകര്യ കമ്മീഷൻ ഗ്രാന്റ് | സംരക്ഷണ ഗ്രാന്റ്- റോഡ് | സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | ആകെ |
|---|---|---|---|---|---|---|
| തൻവർഷം നിർവഹിക്കപ്പെടാത്ത പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക | 635000 | 1178150 | 3144400 | 2443000 | 680000 | 8080550 |
| തൻവർഷം ലാപ്സായ തുക | 1002338 | 1261941 | 8328249 | 3233269 | 242976 | 14068773 |

തൻവർഷം നിർവഹിക്കപ്പെടാത്ത പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക ചെലവഴിക്കാനാവശ്യമായ ഫണ്ടുകൾ പഞ്ചായത്തിന് ലഭിച്ചിരുന്നുവെന്ന് മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കാം. യഥാസമയം നിർവഹണം നടത്താതിരുന്നതു മൂലം പഞ്ചായത്തിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാകുമായിരുന്ന ഭീമമായ തുക ലാപ്സായി പോകുകയുണ്ടായി. ഭാവിയിൽ ഇപ്രകാരം വീഴ്ചകൾ ഉണ്ടാവാതെ നോക്കാൻ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

1. പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 20 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇവരെ കൂടാതെ വിവിധ വാർഡുകളിൽ ഭക്ഷണ സാധനങ്ങളും മരുന്നുകളും എത്തിച്ച് നൽകുന്നതിന് 20 വോളന്റിയർമാരെക്കൂടി നിയമിക്കുകയും കോവിഡ് മഹാമാരി സമയത്ത് 40 വോളന്റിയർമാരും നല്ല രീതിയിൽ പ്രവർത്തനം നടത്തിയിട്ടുള്ളതുമാണ്.

2. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കുകയും 31/10/2021 വരെ പ്രവർത്തിക്കുകയും ചെയ്തു. കൺട്രോൾ റൂമിൽ ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തനവും സമാന്തരമായി ചെയ്യാൻ സാധിച്ചിരുന്നു. ടി പ്രവർത്തനത്തിനായി സന്നദ്ധ പ്രവർത്തകരെയും കളക്ടർ നിശ്ചയിച്ച് നല്കിയ അദ്ധ്യാപകരെയും അങ്കണവാടി വർക്കർമാരെയും ഘടകസ്ഥാപനത്തിലെ ജീവനക്കാരെയും നിയോഗിച്ചിരുന്നു. കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ s0105/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതി പ്രകാരം കൺട്രോൾ റൂമിൽ ഇരിക്കുന്നവർക്ക് ഭക്ഷണം നല്കുന്നതിനും സന്നദ്ധ പ്രവർത്തകർക്ക് പെട്രോൾ ചെലവ് തുക നൽകുന്നതിനും പദ്ധതി ഏറ്റെടുത്തിട്ടുള്ളതും ഭക്ഷണം നൽകിയതും ഹെൽപ്പ് ഡെസ്ക്ക് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 83850/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

3. ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി 2020 -21 ൽ പദ്ധതി വെയ്ക്കുകയും വികസന ഫണ്ടിൽ നിന്നും ജീവൻ രക്ഷ മരുന്ന് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 105000/- രൂപ വികസന ഫണ്ട് ജനറൽ ഉപയോഗിച്ച് കാൻസർ, വൃക്കരോഗ ബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നല്കിയിട്ടുണ്ട്.

4. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി യോഗം 21.05.2020 തീയതിയിൽ ആദ്യമായി ചേർന്നു. ടി മോണിറ്ററിംഗ് സമിതികൾ സി. സി.സി.യിൽ ക്വാറന്റൈനിൽ കഴിയുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഹോം ക്വാറന്റൈനിൽ ഇരിക്കുന്നവരെ നിരീക്ഷിക്കുന്നതിന് വാർഡ് ജാഗ്രതാ സമിതികൾക്ക് നിർദ്ദേശം നൽകുന്നതിനും അതിഥി തൊഴിലാളികൾക്ക് ആവശ്യമായ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനും മറ്റും മുൻകൈ എടുക്കൽ എന്നീ പ്രവർത്തികൾ ചെയ്യുന്നതിന് വില്ലേജ് ആഫീസർ, മെഡിക്കൽ ആഫീസർ സി.എച്ച്.സി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരോട് നിർദ്ദേശിക്കുന്നതിനും കാര്യക്ഷമമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുന്നതിനും പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് സാധിച്ചിരുന്നു. രണ്ടാം കോവിഡ് വ്യാപനത്തോടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കോർ കമ്മിറ്റി യോഗം 03.05.2021 മുതൽ 03.06.2021 വരെ തുടർച്ചയായി കൂടുകയും തീരുമാനങ്ങൾ എടുക്കുകയും ആയത് നടപ്പാക്കുന്നതിനും നിയന്ത്രണങ്ങൾ കർശനമാക്കുന്നതിനും ടി യോഗങ്ങൾ സഹായകമായി.

5. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സി.എഫ്.എൽ.ടി.സി തുടങ്ങുന്നതിനായി കളക്ടറുടെ അനുമതി ലഭിക്കുകയും 100 കട്ടിൽ, തലയണ, ബക്കറ്റ് ആവശ്യ സാധനങ്ങൾ ഉളങ്ങ യിൽ നിന്നും ലഭിച്ചു. എന്നാൽ ടി സ്കൂളിൽ ആവശ്യത്തിന് ടോയ്ലെറ്റ് സൗകര്യം ഇല്ലാത്തതിനാൽ കോവിഡ് സ്പെഷ്യൽ പദ്ധതിയായി സെമിപെർമനന്റ് ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മിക്കുകയും 120374/-രൂപ ചെലവഴിക്കുകയും ചെയ്തു. 100 പേരിൽ താഴെ സി.എഫ്. എൽ.റ്റി.സി. പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സി.എഫ്.എൽ.റ്റി.സി തുടങ്ങുന്നതിന് സാധിച്ചില്ല. എസ്.ഡി.ആർ.എഫ്. നിന്നും 10 ലക്ഷം രൂപ സി.എഫ്.എൽ.റ്റി.സി. യുടെ പ്രവർത്തനങ്ങൾക്കായി ലഭിച്ചിരുന്നു. ടി തുകയിൽ 127374/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക തിരിച്ചടക്കുകയും ചെയ്തു. പഞ്ചായത്തിന് ലഭ്യമായ കട്ടിൽ, തലയണ, ബെഡ് ഷീറ്റ് മറ്റ് സാധനങ്ങൾ മണ്ണഞ്ചേരി ഡി.സി മിൽസിലേക്ക് കൈമാറി നൽകുകയും ചെയ്തു.

6.സന്നദ്ധ പ്രവർത്തകരുടെയും മറ്റും സഹായത്തോടെ പഞ്ചായത്തിലെ ദുർബല വിഭാഗങ്ങൾക്കും തെരുവുകളിൽ താമസിക്കുന്നവർക്കും നിരാലംബർക്കും കോവിഡ് ക്വാറന്റൈനിൽ കഴിയുന്നവർക്കും ഉച്ചക്കും രാത്രിയിലും ഭക്ഷണം നൽകുന്നതിന് തൃക്കുന്നപ്പുഴ എൽ.പി. സ്കൂളിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുകയും ചെയ്തിരുന്നു. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കാതെ സുമനസ്സുകളുടെ സഹായത്തോടെ ഭക്ഷണം വിതരണം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിരുന്നു.

7. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സി.എച്ച്.സി. തൃക്കുന്നപ്പുഴക്ക് ആവശ്യമായ ഓക്സി മീറ്റർ ഒന്നാം കോവിഡ് തരംഗത്തിൽ ലഭിച്ചിരുന്നു. എന്നാൽ രണ്ടാം വ്യാപനത്തോടെ ഓക്സി മീറ്റർ പലതും പ്രവർത്തിക്കാതെ വന്നതിനാൽ 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 100 പൾസ് ഓക്സി മീറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ എം.ഒ, ഫിഷറീസ് വാങ്ങി സി.എച്ച്.സി ക്ക് കൈമാറി നൽകുന്നു. കൂടാതെ ആന്റിജൻ കിറ്റ് വാങ്ങിയ ഇനത്തിൽ നോൺ റോഡ് ഫണ്ടിൽ നിന്നും 329260/- രൂപ ചെലവഴിച്ചിരുന്നു.

8. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ കൂടിയിരുന്നു. എന്നാൽ ഓൺലൈനായി അധികമാരും പങ്കെടുത്തില്ല. കോവിഡ് സമയത്ത് സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയായിരുന്നു.

9. കേരളത്തിന് വെളിയിൽ നിന്നും വരുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ രണ്ട് കോവിഡ് കെയർ സെന്ററുകൾ ഡി. ഡി.എം.എ ഏറ്റെടുത്ത് നൽകിയിരുന്നു. ടി കെട്ടിടങ്ങളിൽ കഴിയുന്നവർക്ക് ഭക്ഷണവും അവശ്യ സാധനങ്ങളും കുടിവെള്ളവും എത്തിച്ച് നൽകിയിരുന്നു. കോവിഡ് കെയർ സെന്ററുകളുടെ വാടക തുക ഡി.ഡി.എം.എ അനുവദിച്ച തുക ടി ഉടമസ്ഥർക്ക് കൈമാറി നൽകിയിട്ടുള്ളതുമാണ്. 470000/- രൂപ രണ്ട് സിസിസി കളുടെ വാടകയിനത്തിൽ ലഭ്യമായത് കൈമാറി നൽകിയിട്ടുണ്ട്.

10. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ കോവിഡ് ബാധിച്ച് 50 മരണങ്ങൾ നടന്നു.

11. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 32406 ആണ്. ഇതിൽ 12637 പേർ 18 വയസ്സിൽ താഴെയുള്ളവരാണ്. വയസ്സിന് മുകളിലുള്ള 18302 പേർ ഫസ്റ്റ് ഡോസ് വാക്സിൻ സ്വീകരിക്കുകയും 12120 പേർ സെക്കന്റ് ഡോസ് വാക്സിൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല.

പ്രോജക്ട് – 128/21

കരാറുകാരൻ - മനോഹരൻ താഴയിൽ

അടങ്കൽ 500000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പി.എ.സി- 445359, ആകെ മൂല്യം -443796. ബിൽ നമ്പർ 10/19.3.21 497052

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 14.8.2019 ൽ 13/AE/LSGD നമ്പറായി വെച്ചിട്ടുള്ള എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ് 3 മാസമാണ്. അതായത് 13.11.2019 ൽ പൂർത്തീകരിക്കേണ്ട പദ്ധതിയാണ്. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പാലത്തിന്റെ നീളവും വീതിയും ഉയരവും വർദ്ധിപ്പിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കു എന്നും അതിനാൽ കാലാവധി ഒരു മാസം ദീർഘിപ്പിച്ച നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട നിയമാനുസൃത കാലാവധിയും കഴിഞ്ഞാണ് (16.12.2019) കരാറുകാരൻ ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളത്. തുടർന്ന് തീയതി രേഖപ്പെടുത്താത്ത കത്തിൽ (13/AE /LSGD/TKPZ218) നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തിയിരിക്കുന്ന എന്നും ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തേണ്ടതിനാൽ അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തി പൂർണ്ണമായും പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്നും കോവിഡും എസ്റ്റിമേറ്റ് റിവിഷനും അനിവാര്യമായ സാഹചര്യത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 22.01.2021 വരെ ദീർഘിപ്പിച്ച നൽകാൻ കരാറുകാരൻ അപേക്ഷിച്ചിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ ഇത്തരമൊരു അപേക്ഷ ഫയലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 1% പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കമ്മറ്റി തീരുമാനം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. ആയതിൻപ്രകാരം 22.02.21 ലെ 1 (20) തീരുമാനപ്രകാരം 1% പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. അതായത് കരാറുകാരൻ 1 മാസം ആവശ്യപ്പെട്ടപ്പോൾ ഒരു വർഷം അനുവദിച്ചിരിക്കുന്നു.

മറ്റ് അപാകതകൾ

ഈ പ്രവൃത്തിയുടെ 3-ാം ഇനമായി കൾവർട്ട്, വിംഗ് വാൾ എന്നിവയ്ക്കായി

1x4x3x1.05 =12.60$m^3$

4x1x0.45x1.05 = 1.89$m^3$ ആകെ14.49$m^3$മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

അതുപോലെ അപ്പന്റിക്സ് B 1-ാം ഇനമായി ഫൗണ്ടേഷൻ സൈഡ് പ്രൊട്ടക്ഷൻ എന്നിവയ്ക്കായി 4.64$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ 50% റിട്ടെയ്നിംഗ് വാൾ ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ട്. അപ്പന്റിക്സ് B 4-ാം ഇനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ, ബാക്ക് ഫില്ലിംഗ് എന്നിവ 28.891$m^3$ ചെയ്തിട്ടുണ്ട്.

എന്നാൽ കൾവർട്ട് നിർമ്മാണത്തിനായി 3-ാം ഇനമായി കുഴിച്ചെടുത്ത 14.49$m^3$മണ്ണിന്റെ 50% കറവ് ചെയ്താണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും പ്രസ്തുത മണ്ണിന്റെ 50% കറവ് ചെയ്യാതെയാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. കൂടാതെ ഫൈൻ ഇനത്തിൽ 4438/-രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലയളവ് പരമാവധി ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല എന്നിരിക്കെ അധികസമയം അനുവദിച്ചതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. എന്നാൽ 3-ാം ഇനമായി കുഴിച്ചെടുത്ത 14.49$m^3$ മണ്ണിന്റെ 50% കറവ് ചെയ്യാതിരുന്നത് ലഭ്യമായ മണ്ണ് ക്ലേയി സോയിൽ ആയിരുന്നെന്നും പ്രസ്തുത വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താൻ മറന്ന് പോയതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 3-ാം ഇനമായി കുഴിച്ചെടുത്ത 14.49$m^3$ മണ്ണിന്റെ 50% 7.245$m^3$ന് 1022.81/$m^3$ നിരക്കിൽ നൽകിയ 7410/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 തൃക്കുന്നപ്പുഴ ഗവ. ജിഎൽ.പിഎസ്സിൽ ഇന്റർലോക്ക് ടൈൽ പാകൽ-അപാകതകൾ

പ്രോജക്ട് – 83/20-21

അടങ്കൽ – 520000/- സംരക്ഷണ ഗ്രാന്റ് റോഡിതരം

കരാറുകാരൻ - ഗോപാലകൃഷ്ണപിള്ള, ബിൽ നമ്പർ 6/20-21/ 26.6.2020

അളവ് പുസ്തകം -21/19-20

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 2-ാം ഇനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് ഇൻ പൊസിഷൻ സിമന്റ് കോൺക്രീറ്റ് 1:2:4 എന്ന പ്രവൃത്തി പേവർ ബ്ലോക്കിന്റെ എഡ്ജ് ലോക്ക് ചെയ്യുന്നതിന് 0.05 മീറ്റർ കനത്തിൽ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളിൽ പേവർ ബ്ലോക്കിന്റെ എഡ്ജ് ലോക്ക് ചെയ്യുന്നതിന് 0.05 മീറ്റർ കനമാണ് സാധാരണ എല്ലായിടത്തും ഉപയോഗിക്കുന്നത്. എന്നാൽ അളവ് പുസ്തകം പുറം 6 പ്രകാരം ഈയിനം താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

200.40x0.20x0.10 =4.014m$^3$ കൂടാതെ 30x1.2x0.10 =3.6m$^3$ ഉൾപ്പെടെ ആകെ 7.614m$^3$ ചെയ്തത് 7.179m$^3$ൽ പരിമിതപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം 0.10 മീറ്റർ കനത്തിൽ പേവർ ബ്ലോക്ക് സൈഡ് ലോക്ക് ചെയ്തത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കോൺക്രീറ്റിന്റെ കനം (15+0.05/2) എന്നതിന് പകരം 0.05 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നതെന്നും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയപ്പോൾ ശരാശരി കനം 0.10m എന്നെഴുതിയതാണെന്നും അറിയിച്ചിരിക്കുന്നു. മറുപടിയിലും തെറ്റായാണ് പറഞ്ഞിരിക്കുന്നത് (15+0.05/2) ന്റെ ശരാശരി 7.525m ആണെന്നിരിക്കെ മറുപടി അംഗീകരിക്കാവുന്നതല്ല. എഡ്ജ് ലോക്കിംഗിന് 0.05m കനത്തിന് പകരം (200.40x0.20x0.05 =2.04m$^3$), 0.10m കനമുപയോഗിച്ചതുമൂലം 1.974m3 സിമന്റ് കോൺക്രീറ്റിംഗിന് 7620/m$^3$നിരക്കിൽ അധികം നൽകിയ 15042/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 പത്രപരസ്യം- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗിന് ആവശ്യമായ ചെലവുകൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.15/2021) ചന്ദ്രിക ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (15%) | ചെക്ക് നം./ തീയതി/തുക |
|---|---|---|---|
| 582-DL/KCH20/ 29.10.2020 | 2520 | 378 | 40000/20.03.2021 |
| 594-DL/KCH20/ 01.11.2020 | 1512 | 227 | |
| 473-DL/KCH20/ 07.10.2020 | 2016 | 302 | |
| 277-DL/KCH20/ 23.08.2020 | 2520 | 378 | |
| 1049-DL/KCH20/ 17.02.2021 | 2520 | 378 | |
| 908-DL/KCH20/ 15.01.2021 | 2520 | 378 | |
| ആകെ | | 2041/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 2041/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി17.11.2021) ലഭ്യമാക്കിയ മറുപടിയിൽ ചന്ദ്രിക ദിനപ്പത്രം ഏറ്റവും കുറഞ്ഞ നിരക്കിലാണ് പരസ്യ ചാർജ് ഈടാക്കിയിട്ടുള്ളതെന്നും ഈ തുക ഡിസ്കൌണ്ട് കഴിച്ചതിനു ശേഷമുള്ള തുകയാണെന്നും അവകാശപ്പെട്ടു. എന്നാൽ ചന്ദ്രിക ദിനപ്പത്രം ലഭ്യമാക്കിയിട്ടുള്ള പരസ്യ ചാർജിന്റെ ബില്ലിൽ ഡിസ്കൌണ്ട് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ലാത്ത സാഹചര്യത്തിൽ ഈ മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ പഞ്ചായത്തിന് അർഹമായ ഡിസ്കൌണ്ട് പത്രസ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അവരിൽ നിന്നും നഷ്ടം ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| | | 330100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 330100 | 00 |
| | | 720000 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 720000 | 00 |
| | | 200000 | ലൈഫ് മിഷൻ-3 ഭൂരഹിത ഭവനരഹിതർക്ക് ധനസഹായം | 200000 | 00 |
| | | 240000 | എസ്.സി വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 240000 | 00 |
| | | 5080000 | ലൈഫ് മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണ പൂർത്തീകരണം | 2580000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | അഗതി ആശ്രയ പദ്ധതി | 300000 | 00 |
| | | 260000 | പാലിയേറ്റീവ് കെയർ പദ്ധതി | 260000 | 00 |
| | | 221755 | പാലിന് സബ്സിഡി | 221755 | 00 |
| | | 200000 | ലൈഫ് മിഷൻ-3 ഭൂരഹിത ഭവനരഹിതർക്ക് ധനസഹായം | 200000 | 00 |
| | | 500000 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം | 500000 | 00 |
| | | 400000 | ലൈഫ് മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണ പൂർത്തീ കരണം | 400000 | 00 |
| | | 880000 | എസ്.സി വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 880000 | 00 |
| | | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 350000 | 00 |

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 565143/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 3915433/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 88647/18.3.21 | 1440000 | 00 | 1440000 |
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 54050/12.5.20 | 182161 | 00 | 182161 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 24470/22.2.21 | 338000 | 00 | 338000 |
| ഗ്രൗണ്ട് വാട്ടർ അതോറിട്ടി | കുഴൽകിണർ നിർമ്മാണം | 25381/10.3.21 | 1625600 | 00 | 1625600 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 25383/10.3.21 | 24232 | 24232 | 00 |

മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടിക്ക് നൽകിയ 4,88,000/-രൂപയുൾപ്പെടെ 826000/- രൂപയും കെ.എസ്.ഇ.ബിക്ക് നൽകിയ 5050263/-രൂപയുൾപ്പെടെ 6672424/- രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാത്തതായി ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്ന പേരിൽ 650397/- രൂപയും കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ ചെലവൊന്നുമില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 5560000 | 59132353 | 5400353 | | 59292000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഒന്നുമില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85701704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98898009 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24493/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8248655/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 7410 | ശ്രീമതി. ജയശ്രീ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 00 | 15042 | ശ്രീ.ബേബി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 00 | 2041 | ശ്രീമതി. സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| ആകെ | | 24493 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 400000 | ഡോ.ശരത്, മെഡിക്കൽ ഓഫീസർ |
| 1-20 | 312500 | ശ്രീമതി.അർച്ചന.എസ്.നായർ, വെറ്ററിനറി സർജൻ |
| 1-23 | 3609993 | ശ്രീമതി.സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-24 | 684999 | ശ്രീമതി.സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-26 | 505252 | റസീന ബീവി, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-27 | 50000 | ശ്രീ.മണിക്കുട്ടൻ.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 200000 | ശ്രീ.മണിക്കുട്ടൻ.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 225000 | ദേവിക.എസ്, കൃഷി ഓഫീസർ |
| 1-34 | 743511 | ഡോ.ശരത്, മെഡിക്കൽ ഓഫീസർ |
| 1-35 | 1517400 | വിനോദ് കുമാർ.ആർ, വി.ഇ.ഒ |
| ആകെ | 8248655 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 1-36 | 1519 | ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റസീന ബീവി<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | നീണ്ടകര ഫിഷറീസ് ഓഫീസ് | അയൂബ് നിവാസ്<br>കൊന്നായ മുക്ക്<br>പുള്ളിച്ചിറ.പി.ഒ<br>കൊല്ലം |
| ജയശ്രീ.റ്റി<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തൃക്കുന്നപ്പുഴ | ആശാ സദനം<br>പുന്നപ്ര.പി.ഒ<br>ആലപ്പുഴ |
| സിന്ധു ബാലകൃഷ്ണൻ<br>സെക്രട്ടറി | സെക്രട്ടറി, തൃക്കുന്നപ്പുഴ പഞ്ചായത്ത് | കൊച്ചാലുംമൂട്ടിൽ,<br>ചിങ്ങോലി പി.ഒ<br>ആലപ്പുഴ |
| ശ്രീ.രാജൻ.സി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | ഷൈലജഭവനം<br>ചുനക്കരനോർത്ത്<br>690534 |
| ശ്രീമതി. ദേവിക.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസ്, തൃക്കുന്നപ്പുഴ | ശാരദ ഹൌസ്<br>നമ്പർ-31<br>റിവർവാലി ലെയ്ൻ<br>കാഞ്ഞിരംപാറ.പി.ഒ |
| ശ്രീ.വിനോദ് കുമാർ.ആർ<br>വി.ഇ.ഒ | വി.ഇ.ഒ തൃക്കുന്നപ്പുഴ | എൽസധ്യായി<br>പുന്നപ്ര.പി.ഒ<br>ആലപ്പുഴ |
| ഡോ.ശരത്, മെഡിക്കൽ ഓഫീസർ<br>ഫിഷറീസ് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ<br>ഫിഷറീസ് ഹോസ്പിറ്റൽ | പറമ്പിൽ ഹൗസ്<br>എസ്.എൽ.പുരം<br>ചേർത്തല |
| ശ്രീമതി.അർച്ചന.എസ്.നായർ<br>വെറ്ററിനറി സർജൻ | മൃഗാശുപത്രി, തൃക്കുന്നപ്പുഴ | എസ് രാജീവം<br>മുതുകുളം സൌത്ത്.പി.ഒ<br>ആലപ്പുഴ |
| മണിക്കുട്ടൻ.എം<br>അസി.സെക്രട്ടറി | കുമാരപുരം ഗ്രാമ പഞ്ചായത്ത് | നെടിയത്ത്<br>വലിയഴീക്കൽ.പി.ഒ<br>ആറാട്ടുപുഴ<br>ആലപ്പുഴ |

| | | |
|---|---|---|
| ശ്രീ.ബേബി.ബി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>കാർത്തികപ്പള്ളി ഗ്രാമ<br>പഞ്ചായത്ത് | ഷാരോൺ വില്ല<br>നങ്ങ്യാർകുളങ്ങര<br>ആലപ്പുഴ |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 To 1999-2000 | എൽ.എഫ്.എ-ജി.എ5.1832/11, തീയതി – 31-01-2012 |
| 2000-01 | എൽ.എഫ്.എ-ജി.എ12./256/05, തീയതി. 18-05-2005 |
| 2001-2002 | എൽ.എഫ്.എ-ജി.എ12./912/06, തീയതി. 10-11-2006 |
| 2002-03 | എൽ.എഫ്.എ-ജി.എ12/1667/07, തീയതി. 28.07.2008 |
| 2003-04 | എൽ.എഫ്.എ12-1245/09, തീയതി. 12.03.09/18.04.2009 |
| 2004-05 | എൽ.എഫ്.എ-പി3-178(1)/12, 05.10.2012/12.10.2012 |
| 2005-06 | എൽ.എഫ്.എ.പി3-178(2)/12, 05.10.2012/12.10.2012 |
| 2006-07 | എൽ.എഫ്.എ.പി3-178(3)/12, 05.10.2012/12.10.2012 |
| 2007-08 | എൽ.എഫ്.എ-പി3-178(4)/12, 14.03.2013 |
| 2008-09 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-1577/13, 15.05. |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-739/13, 02.01.2014/07.02.2014 |
| 2012-13 | എൽ.എഫ്.എ-പി3-131/15, തീയതി. 21.03.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി3-217/16, 15.03.16/26.03.16 |

| | |
|---|---|
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി3-834/16, 30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1311/16, 21.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി3-1323/17, 07.11.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി-പി3-15/19, തീയതി. 07.02.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി-പി3-912/19, തീയതി. 15.01.2020 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി-പി3/1023/21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3

## ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം

**Thrikkunnappuzha Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 37636681.13 |
| Cash | Cash | RP-40(a) | 24160.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 744030.00 |
| 140000000 | Fees & User Charges | RP-4 | 232412.00 |
| 150000000 | Sale & Hire Charges | RP-5 | 174557.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55608028.00 |
| 171000000 | Interest Earned | RP-9 | 270907.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20122189.00 |
| 350000000 | Other Liabilities | RP-36 | 194442.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 78344.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 2400.00 |
| 311000000 | Earmarked Funds | RP-29 | 22.00 |
| 330000000 | Secured Loans | RP-32 | 5560000.00 |
| 340000000 | Deposits Received | RP-34 | 340230.00 |
| 350000000 | Other Liabilities | RP-36 | 554081.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1812319.00 |
| 460000000 | Loans, Advances and Deposits | RP-47 | 7743.00 |
| | **Grand total** | | **123362545.13** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2026451.00 |
| 220000000 | Administrative Expenses | RP-12 | 1220807.00 |
| 230000000 | Operations & Maintenance | RP-13 | 3403304.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4009145.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 39097612.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 213860.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3459487.00 |



Digitally signed by BALAK
Date: 2021.05.11 15:36:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1244560.00 |
| 255000000 | Maintenance Projects | RP-20 | 2839117.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 119.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 84000.00 |
| 280000000 | Prior Period item | RP-26 | -1264.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2107230.00 |
| 350000000 | Other Liabilities | RP-36 | 5203902.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1541.00 |
| 311000000 | Earmarked Funds | RP-29 | 119.00 |
| 340000000 | Deposits Received | RP-34 | 157455.00 |
| 350000000 | Other Liabilities | RP-36 | 2099964.00 |
| 410000000 | Fixed Assets | RP-38 | 5726316.00 |
| 412000000 | Capital work in Progress | RP-40 | 1075172.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14608693.00 |
| 440000000 | Pre-paid Expenses | RP-45 | 5500000.00 |
| 460000000 | Loans, Advances and Deposits | RP-47 | 4820419.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 24331545.13 |
| Cash | Cash | RP-40(b) | 132991.00 |
| | **Grand Total** | | **123362545.13** |

## Thrikkunnappuzha Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3093665.00 |
| 140000000 | Fee & User Charges | I-4(b) | 332662.00 |
| 150000000 | Sale & Hire Charges | I-5(b) | 174557.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 168785295.00 |
| 171000000 | Interest Earned | I-8 | 270907.00 |
| 180000000 | Other Income | I-9 | 2400.00 |
| | **Total Income** | | **172659486.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9229236.00 |
| 220000000 | Administrative Expenses | I-11(b) | 1221983.00 |
| 230000000 | Operations & Maintenance | I-12(b) | 3573304.00 |
| 240000000 | Interest & Finance Charges | I-13 | 1541.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4009145.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 95754652.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 213860.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3459487.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 45397360.00 |
| 255000000 | Maintenance Projects | I-14(e) | 2839117.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 119.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 84000.00 |
| 272000000 | Depreciation | I-17(a) | 4632601.00 |
| | **Total Expenditure** | | **170416405.00** |
| | **Gross Surplus/ Deficit of income over Expenditure** | | **2243081.00** |
| 280000000 | Prior Period Item | I-18 | 13514.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **2229567.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |



Digitally signed by BALAK
Date: 2021.05.11 15:37:2
Reason: Approval
Location: Kerala

# Thrikkunnappuzha Grama Panchayat
## BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 12534220.33 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 34705.00 |
| 312000000 | Reserves | B-3 | 103750210.00 |
| | **Total Reserve & Surplus** | | **116319135.33** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16497429.00 |
| | **Total Grants, Contributions for Specific Purposes** | | **16497429.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 59292000.00 |
| | **Total Loans** | | **59292000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 858820.00 |
| 350000000 | Other Liabilities | B-9 | 2159791.80 |
| | **Total Current Liabilities and Provisions** | | **3018611.80** |
| | **TOTAL LIABILITIES** | | **195127176.13** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 106498195.00 |
| 411000000 | Accumulated Depreciation | B-11 | -20935506.00 |
| 412000000 | Capital Work in Progress | B-11(a) | 1075172.00 |
| | **Total Fixed Assets** | | **86637861.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 15640973.00 |
| 440000000 | Pre-paid Expenses | B-16 | 58172000.00 |
| 450000000 | Cash and Bank Balance | B-17 | 24464536.13 |
| 460000000 | Loans, Advances and Deposits | B-18 | 10211806.00 |



Digitally signed by BALAK
Date: 2021.05.11 15:38:0
Reason: Approval
Location: Kerala

| | | |
|---|---|---|
| | **Total Current Assets, Loans and Advances** | **108489315.13** |
| | **Other Assets** | |
| | **Miscellaneous Expenditure (To the Extent not written off)** | |
| | **TOTAL ASSETS** | **195127176.13** |